സബ്മിഷൻ

## ടാക്സി ആട്ടോറിക്ഷാ നികുതി വർദ്ധന

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിലെ ടാക്സി, ആട്ടോറിക്ഷകളിൽ ഭൂരിഭാഗവും സാധാരണക്കാരായ വ്യക്തികളുടേതാണ്. ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പലിശയ്ക്ക് പണമെടുത്താണ് ടാക്സികളും ആട്ടോറിക്ഷകളും വാങ്ങുന്നത്. ദിവസേന കിട്ടുന്ന തുശ്ചമായ വരുമാനംകൊണ്ടാണ് ഇവർ നിത്യവൃത്തി കഴിക്കുന്നത്. ഈ സാമ്പത്തികവർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനം മൂലം ഈ പാവപ്പെട്ടവരുടെ ജീവിതം ദുസ്സഹമായിരിക്കുകയാണ്. ഈ വർഷം അവതരിപ്പിച്ച ധനകാര്യ ബില്ലിലെ നിർദ്ദേശമനുസരിച്ച് ഇവയുടെ ടാക്സ് നിരക്കുകൾ വർദ്ധിപ്പിച്ചുകൊണ്ട് 10–3–2014–ൽ ട്രാൻസ്പോർട്ട് കമ്മീഷണർ ഒരു ഉത്തരവ് ഇറക്കിയിരിക്കുകയാണ്. ഈ സർക്കുലർ പ്രകാരം വർഷത്തിൽ ഒരു പ്രാവശ്യം അടച്ചിരുന്ന ടാക്സ് 1–4–2014 മുതൽ അഞ്ചു വർഷത്തേയ്ക്ക് ഒരുമിച്ച് അടയ്ക്കേണ്ട സ്ഥിതിയാണ് വന്നിട്ടുള്ളത്. കൂടാതെ അഡീഷണൽ ടാക്സായി മറ്റൊരു തുകയും ഇതോടൊപ്പം അടയ്ക്കേണ്ടതുണ്ട്. പുഷ്ബാക്ക് സീറ്റുള്ള ടാക്സികൾക്ക് ഇതിനുപുറമെ ആഡംബരനികുതിയും അടയ്ക്കേണ്ടിയിരിക്കുന്നു. ഇതിന്റെ ഫലമായി ഒരു വർഷം 1,400 രൂപ അടയ്ക്കേണ്ട ആൾ 10,000 രൂപയും 3,500 രൂപ അടച്ചിരുന്ന ആൾ 15,000 രൂപയും അടയ്ക്കേണ്ടതായിട്ടാണ് വന്നിരിക്കുന്നത്. നിത്യവൃത്തിക്ക് വകയില്ലാത്ത പാവപ്പെട്ടവരായ ആട്ടോറിക്ഷാ, ടാക്സി ജീവനക്കാരുടെ വീട് പട്ടിണിയാകുന്ന സ്ഥിതിയാണ് ഇതുമൂലമുണ്ടാകുന്നത്. അന്നന്ന് ഓടിക്കിട്ടുന്ന വരുമാനത്തിൽനിന്നും അൽപ്പംതുക മിച്ചംപിടിച്ച് ബാങ്കിന്റെ കടമടച്ചുകൊണ്ടി

രുന്നവർക്ക് സർക്കാരിന്റെ ഈ തീരുമാനം ഇരുട്ടടിയായിരിക്കുകയാണ്. പലരും ടാക്സ് അടയ്ക്കാൻ നിവൃത്തിയില്ലാതെ വണ്ടികൾ പുറത്തിറക്കാൻ കഴിയാത്ത സ്ഥിതിയിലാണ്. പതിനായിരക്കണക്കായ സാധാരണക്കാരന്റെ ജീവിതം ദുസ്സഹമാക്കുന്ന ഈ തീരുമാനം മുൻകാല പ്രാബല്യത്തോടെ പിൻവലിക്കണമെന്നും അവർക്ക് ജീവിക്കാനുള്ള അവസരം ഉണ്ടാക്കണമെന്നും ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ആട്ടോറിക്ഷാ നികുതി കഴിഞ്ഞ പതിനേഴ് വർഷമായി വർദ്ധിപ്പിച്ചിട്ടില്ല. ബഡ്ജറ്റിൽ അഞ്ചു വർഷത്തേയ്ക്കുള്ള നികുതി ഒരുമിച്ച് അടയ്ക്കുവാൻ വ്യവസ്ഥ ചെയ്തിരുന്നു എന്നത് ശരിയാണ്. പക്ഷേ, ബഡ്ജറ്റ് ചർച്ചാ വേളയിൽ ഈ നിർദ്ദേശം പിൻവലിച്ചു. ഫിനാൻസ് ബില്ലിൽ അങ്ങനെയുള്ള നിർദ്ദേശമേയില്ല. ആദ്യം ഇങ്ങനെയൊരു പ്രൊപ്പോസൽ ഉണ്ടായിരുന്നു. പക്ഷേ, അത് ഇടയ്ക്കുവച്ച് പിൻവലിച്ചു കഴിഞ്ഞു. അതു കൊണ്ട് അതിന്മേൽ പരാതിക്ക് കാര്യമില്ല. ഇവിടെ ടാക്സികളെ സംബന്ധിച്ചിടത്തോളം, ടൂറിസ്റ്റ് ടാക്സിയും സാധാരണ ടാക്സിയും തമ്മിലുള്ള വ്യത്യാസം, സ്വകാര്യ ടാക്സിക്ക് 15 വർഷം ടാക്സ് കൊടുക്കണമെന്നായിരുന്നു. എന്നാൽ ടൂറിസ്റ്റ് ടാക്സിക്ക് വർഷംതോറും ടാക്സ് ഒടുക്കിയാൽമതി. അപ്പോൾ സ്വകാര്യ ടാക്സിക്കാർ ടൂറിസ്റ്റ് ടാക്സിയുടെ പെർമിറ്റ് എടുത്ത് സ്വകാര്യ ടാക്സി ഓടിക്കുന്നതുകൊണ്ട് ടാക്സിനത്തിൽ ഗവൺമെന്റിന് ഒരുപാട് നഷ്ടംവന്നു. അതുകൊണ്ടാണ് ഇപ്പോൾ ഒരു പുതിയ വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്നത്. സ്വകാര്യ ടാക്സിയായാലും ടൂറിസ്റ്റ് ടാക്സിയാ

യാലും 15 വർഷത്തെ ടാക്സ് ഒരുമിച്ച് യൂണിഫോമായിത്തന്നെ അടയ്ക്കണമെന്നൊരു തീരുമാനം എടുത്തിട്ടുണ്ട്. അത് സ്റ്റേറ്റിന്റെ ലാർജർ ഇന്ററസ്റ്റിനു വേണ്ടി ചെയ്തിട്ടുള്ളതാണ്. എന്തായാലും ആട്ടോറിക്ഷയ്ക്ക് ഒരു ബുദ്ധിമുട്ടുമില്ല. അത് പിൻവലിക്കപ്പെട്ടിട്ടുണ്ട്.

**വല്ലാർപ്പാടം പദ്ധതിക്കുവേണ്ടി കുടിയിറക്കപ്പെട്ടവരുടെ പുനഃരധിവാസം**

ശ്രീ. എസ്. ശർമ്മ: സർ, വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ പദ്ധതിക്കുവേണ്ടി കുടിയിറക്കപ്പെട്ടത് 316 കുടുംബങ്ങളായിരുന്നു. അവർക്കു വേണ്ടി ഒരു പാക്കേജ് 2008 മാർച്ച് 19-ന് പുറപ്പെടുവിക്കുകയും ബഹുമാനപ്പെട്ട അങ്ങ് മുഖ്യമന്ത്രിയായി ചുമതലയേറ്റെടുത്തതിനുശേഷം 6-6-11-ൽ അങ്ങയുടെ ചേമ്പറിൽ നടന്ന യോഗതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകരിച്ച പാക്കേജ് ആനുകൂല്യങ്ങളനുസരിച്ച് പൂർണ്ണമായും 32 കുടുംബങ്ങൾക്കുമാത്രമാണ് സൈറ്റുകളിൽ വീടുവച്ച് മാറിതാമസം ആരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ഈ കാലതാമസം കണക്കിലെടുത്ത് അടിയന്തരമായി ഫലപ്രദമായ ഇടപെടൽ ഉണ്ടാകണമെന്ന് മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്. ഭൂമി നഷ്ടപ്പെട്ടവർക്ക് അഞ്ചു സെന്റ് ഭൂമിയും അതിൽ കൂടുതൽ നഷ്ടപ്പെട്ടവർക്ക് ആറ് സെന്റ് ഭൂമിയും കടമക്കുടി ഒഴികെയുള്ള മറ്റുവില്ലേജുകളിൽ നിന്ന് കുടിയിറക്കപ്പെട്ട കുടുംബങ്ങൾക്ക് നാലു സെന്റ് ഭൂമിയും കൊടുക്കാനും അടിസ്ഥാന സൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, റോഡ് എന്നിവ സർക്കാർ ഏൽക്കുക, ഷിഫ്റ്റിംഗ് ചാർജായി ഓരോ കുടുംബത്തിനും പതിനായിരം രൂപ അനുവദിക്കുക, വാടകയിനത്തിൽ പ്രതിമാസം അയ്യായിരം രൂപ അനുവദിക്കുക, ഏറ്റെടുത്ത വസ്തുക്കൾക്ക് നൽകുന്ന

നഷ്ടപരിഹാര തുകയുടെ 12 ശതമാനം കേന്ദ്ര വരുമാനനികുതി ഈടാക്കുന്നത് ഒഴിവാക്കുവാൻ പോർട്ട് ട്രസ്റ്റ് നടപടികൾ സ്വീകരിക്കുക, ടെർമിനലിനു വേണ്ടി കണക്ടിവിറ്റി റോഡിനും റെയിലിനുമായി കുടിയൊഴിപ്പിക്കപ്പെട്ട കുടുംബാംഗങ്ങൾക്ക് യോഗ്യതാടിസ്ഥാനത്തിൽ പോർട്ടിൽ ജോലി നൽകുന്നതിന് പോർട്ട് ട്രസ്റ്റ് നടപടി കൈക്കൊള്ളണമെന്നും അക്കാലത്ത് നിശ്ചയിക്കുകയുണ്ടായി. പുനരധിവാസത്തിനായി കണ്ടെത്തിയ പത്തു കേന്ദ്രങ്ങളിൽ വെള്ളം, വെളിച്ചം, റോഡ്, ഡ്രെയിനേജ് എന്നീ സൗകര്യങ്ങൾ ഒരു കോമൺ പോയിന്റിൽ എത്തിക്കുമെന്ന് പറഞ്ഞെങ്കിലും അത് നടപ്പായിട്ടില്ല. നഷ്ട പരിഹാര തുകയുടെ കാര്യത്തിൽ കേന്ദ്ര വരുമാന നികുതി ഒഴിവാക്കി കൊടുക്കുന്നതിനും കഴിഞ്ഞിട്ടില്ല. ബാങ്ക് വായ്പയ്ക്കായി പട്ടയ വ്യവസ്ഥയിൽ ഇളവു ചെയ്യാമെന്ന് നമ്മുടെ യോഗത്തിൽ തീരുമാനിച്ചിരുന്നതും നടപ്പിലായിട്ടില്ല. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരണം പ്രാവർത്തികമാക്കാൻ കഴിയാത്തതാണ് ഇപ്പോഴും കുടിയൊഴിക്കപ്പെട്ടവർക്ക് അനുഭവിക്കേണ്ടിവരുന്ന വിഷമം. കഴിഞ്ഞ ഞായറാഴ്ച മൂലമ്പള്ളി നിവാസികളുടെ ഒരു പ്രത്യേക യോഗം എറണാകുളത്ത് അച്ചുതമേനോൻ ആഡിറ്റോറിയത്തിൽ ചേരുകയും അവരുടെ ആവശ്യങ്ങൾ ഉന്നയിച്ച് വീണ്ടുമൊരു പ്രക്ഷോഭത്തിന്റെ മാർഗ്ഗം സ്വീകരിക്കാൻ നിർബന്ധിതമായി തീർന്നിരിക്കുകയുമാണ്. സീറോ മലബാർ സഭയുടെ അഭിവന്ദ്യ ബിഷപ് സെബാസ്റ്റ്യൻ ഇടയന്തരത്ത് ഉദ്ഘാടനം ചെയ്ത ആ ചടങ്ങ് എല്ലാവരും പങ്കെടുത്തുകൊണ്ട് നടന്ന ഒരു കൺവെൻഷനായിരുന്നു. അതൊരു പുതിയ പ്രക്ഷോഭത്തിലേയ്ക്ക് പോകാൻ ഇടംകൊടുക്കാത്തവിധം അവരുടെ ആവശ്യങ്ങളിൽ, ശേഷിക്കുന്ന കാര്യങ്ങൾ അടിയന്തരമായി

നടപ്പാക്കാൻ ബഹുമാനപ്പെട്ട കളക്ടർക്ക് പൂർണ്ണമായ അധികാരം കൊടുക്കുകയും ബാക്കി റിപ്പോർട്ട് ചെയ്യാനും നിർദ്ദേശം കൊടുക്കണം. ഒരു കട്ട് ഓഫ് ഡേറ്റ് കണക്കാക്കിക്കൊണ്ടുള്ള ഒരു ഡയറക്ഷൻ കൊടുക്കുന്നതായിരിക്കും നല്ലതെന്നാണ് എനിക്ക് പറയാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ റോഡ് പദ്ധതിക്കുവേണ്ടി 315 കുടുംബങ്ങളാണ് കുടിയൊഴിപ്പിക്കപ്പെട്ടത്. ഇതിൽ 180 കുടുംബങ്ങൾ ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങളിൽനിന്ന് ബിൽഡിംഗ് പെർമിറ്റ് സമ്പാദിച്ചിട്ടുണ്ട്. അവർക്കെല്ലാം പൈലിംഗ് ചാർജ്ജ് നല്കിയിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റ് സമ്പാദിച്ച് അപേക്ഷ സമർപ്പിക്കാത്തതുകൊണ്ടാണ് ബാക്കിയുള്ളവർക്ക് പൈലിംഗ് ചാർജ്ജ് കൊടുക്കാത്തത്. വാഴക്കാല, തൈക്കാവ് പുനരധിവാസ പ്ലോട്ടുകളിൽ 30–09–2013 –ൽ കുടിവെള്ളം, വൈദ്യുതി, റോഡ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ നല്കിയിട്ടുണ്ട്. മൂലമ്പള്ളി, കോതാട്, കോരമ്പാടം, വടുതല, കാക്കനാട് തുടങ്ങിയ പുനരധിവാസ സ്ഥലങ്ങളിൽ 30–07–2012–ൽ ഈ സൗകര്യങ്ങൾ ലഭ്യമാക്കി. ഈ സ്ഥലങ്ങളിൽ ഒരു മാസത്തെ വാടക കുടിശ്ശിക മാത്രമേ നല്കാനുള്ളൂ. വാഴക്കാല, തൈക്കാവ് എന്നിവിടങ്ങളിൽ എട്ടുമാസത്തെ വാടക കുടിശ്ശികയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് എത്രയുംവേഗം കൊടുക്കുന്നതിനുവേണ്ടി തുക അനുവദിക്കുന്നതാണ്. സ്ഥലം ഏറ്റെടുത്തതിന്റെ വർദ്ധിപ്പിച്ച നഷ്ടപരിഹാരം നാഷണൽ ഹൈവേ അതോറിറ്റിയാണ് കോടതിയിൽ കെട്ടിവയ്ക്കേണ്ടത്. ഈ തുക കെട്ടിവയ്ക്കാൻ നാഷണൽ ഹൈവേ അതോറിറ്റിയോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇക്കാര്യത്തെ സംബന്ധിച്ച് റിമൈൻഡർ അയച്ച് വേഗത്തിലാക്കുന്നതിനു വേണ്ടി സംസ്ഥാന ഗവൺമെന്റ് ശ്രമിക്കും. ഈ സൗകര്യങ്ങളൊക്കെ ചെയ്തുകൊടുത്തിട്ടും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ വളരെക്കുറച്ചുപേർ മാത്രമേ വീടുവച്ച് മാറിയിട്ടുള്ളൂ. അവിടെ അവർക്കു വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. എന്തെങ്കിലും കുറവുണ്ടെങ്കിൽ അതും പരിഹരിക്കും.

**പി. എസ്. സി. വഴി ഫാർമസിസ്റ്റുകളെ നിയമിക്കൽ**

ശ്രീമതി ജമീലാ പ്രകാശം: സർ, നിലവിലുള്ള ഫാർമസി ആക്ടിലെ സെക്ഷൻ 42 അനുസരിച്ച് സർക്കാർ ആശുപത്രികളിലേയും സ്വകാര്യ ആശുപത്രികളിലേയും ഫാർമസികൾ നിർദ്ദിഷ്ട യോഗ്യതയുള്ളവരായി രജിസ്റ്റർ ചെയ്തിട്ടുള്ള ഫാർമസിസ്റ്റുകളാൽത്തന്നെ നടത്തപ്പെടേണ്ടതാണ്. യോഗ്യതയില്ലാത്തവർ ഫാർമസികൾ കൈകാര്യം ചെയ്യുന്നത് നിയമ നിഷേധവും കുറ്റകരവുമാണ്. എന്നാൽ സർക്കാർ ആശുപത്രികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഫാർമസികളിൽപ്പോലും യോഗ്യതയുള്ളവരായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഫാർമസിസ്റ്റുകൾ പ്രവർത്തിക്കുന്നില്ലായെന്നുള്ള വസ്തുത കേരള സംസ്ഥാന ഫാർമസി കൗൺസിൽ രജിസ്ട്രാർ സമർപ്പിച്ച റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. യോഗ്യതയുള്ള ഫാർമസിസ്റ്റുകളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിരുന്നിട്ടും ആ ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് സർക്കാരും ആരോഗ്യവകുപ്പും തയ്യാറാകുന്നില്ല എന്നുള്ള ആക്ഷേപവും കുറെക്കാലമായി നിലവിലുണ്ട്. പല മെഡിക്കൽ ഷോപ്പുകളും ഫാർമസിസ്റ്റുകളില്ലാതെയാണ് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. മരുന്ന് മാറിയെടുത്തുകൊടുത്തതും തെറ്റിക്കഴിച്ചതും

തെറ്റിക്കഴിപ്പിച്ചതുമായ ധാരാളം കേസ്സുകൾ ഇന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നുമുണ്ട്. കേരളത്തിലെ സ്വകാര്യ-സർക്കാർ ആശുപത്രികളിൽ ഫാർമസി ആക്ടിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നുണ്ട് എന്നുറപ്പുവരുത്താൻ സർക്കാരും ഫാർമസി കൗൺസിലും ശ്രദ്ധിക്കണമെന്ന നിർദ്ദേശം 04-03 -2013-ൽ, അതായത് ഏതാണ്ട് ഒരുവർഷംമുമ്പുതന്നെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നല്കിയിട്ടുമുണ്ട്. ഇതുസംബന്ധിച്ച് 24-02-2014 -ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻതന്നെ ഒരു കത്ത് നല്കുകയുണ്ടായി. എന്നാൽ നാളിതുവരെ ഒരു നടപടിയും സ്വീകരിച്ചുകാണുന്നില്ല. എന്നുമാത്രമല്ല യാതൊരു മാനദണ്ഡവുമില്ലാതെ ആരോഗ്യ വകുപ്പിന്റെ കീഴിൽ അയോഗ്യരായിട്ടുള്ള ആളുകളെ പുറംവാതിലിലൂടെ സംവരണ തത്ത്വംപോലും പാലിക്കാതെ നിയമിക്കുന്നു എന്നുള്ള ആക്ഷേപവും ഇന്നിപ്പോൾ സാർവ്വത്രികമായിട്ടുണ്ട്. അത്തരത്തിലുള്ളവരാണ് യാതൊരു ഉത്തരവാദിത്തവുമില്ലാതെ ഫാർമസിസ്റ്റുകളുടെ ജോലി ചെയ്തുകൊണ്ടിരിക്കുന്നത് എന്നുള്ള ആക്ഷേപവുമുണ്ട്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് പി.എസ്.സി. ലിസ്റ്റിൽനിന്നും ഫാർമസിസ്റ്റുകളുടെ നിയമനം നടത്താനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ സവിനയം അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പി.എസ്.സി. ലിസ്റ്റിൽനിന്നും ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആരോഗ്യ വകുപ്പിൽ ഇപ്പോൾ അയോഗ്യരായ ഫാർമസിസ്റ്റുകളാരും ജോലി ചെയ്യുന്നില്ല. ഫാർമസിസ്റ്റുക

ളുടെ 40 പോസ്റ്റുകൾകൂടി അഡീഷണലായി അനുവദിച്ചിട്ടുണ്ട്. യോഗ്യതയില്ലാത്തവർ ഫാർമസികളിൽ പ്രവർത്തിക്കുന്നത് ഗുരുതരമായ കുറ്റമാണ്. അത് ഫാർമസി നിയമത്തിലെ സെക്ഷൻ 42 –ന്റെ ലംഘനമാണ്. അത് കർശനമായി പരിശോധിക്കുന്നുണ്ട്. സെക്ഷൻ 42 –ന്റെ ലംഘനത്തിനെതിരെ 61 കേസ്സുകളെടുത്തിട്ടുണ്ട്. 42–ന്റെ ലംഘനമെന്നുപറഞ്ഞാൽ അയോഗ്യരായിട്ടുളളവർ ജോലി നോക്കുക എന്നുള്ളതാണ്. ഫാർമസി കൗൺസിലിലുള്ള രജിസ്ട്രേഷൻ, പി.എസ്.സി. നടത്തുന്ന മത്സര പരീക്ഷയിൽ വിജയിക്കുന്നവർ എന്നിവരെയാണ് സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റുകളായി നിയമിക്കുന്നത്. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാൻ വ്യക്തമായ നിർദ്ദേശം നല്കിയിട്ടുണ്ട്.

## കൈത്തറി– ഖാദി വസ്ത്രങ്ങൾക്ക് ടേണോവർ ടാക്സ്

ശ്രീ. വി. ശശി: സർ, വാറ്റ് നിയമത്തിലെ സെക്ഷൻ 64 ഭേദഗതി ചെയ്ത് ടെക്സ്റ്റൈൽ ഫാബ്രിക്സിന് രണ്ടുശതമാനം ടേണോവർ ടാക്സ് സർക്കാർ ഏർപ്പെടുത്തുകയുണ്ടായി. കേന്ദ്ര സർക്കാർ നിലനിർത്തിയിരുന്ന അഡീഷണൽ എക്സൈസ് ഡ്യൂട്ടി ഉണ്ടായിരുന്ന സമയത്താണ് വാറ്റ് നിയമത്തിലെ ഷെഡ്യൂൾ നമ്പർ (1)–ൽ 51–ാം ഇനമായി ടെക്സ്റ്റൈൽ ഫാബ്രിക്സ് ഉൾപ്പെടുത്തിയത്. ഇപ്പോൾ കേന്ദ്ര സർക്കാർ അഡീഷണൽ എക്സൈസ് ഡ്യൂട്ടി നിർത്തലാക്കുകയുണ്ടായി. തുടർന്ന് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിലൂടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിനെ ഷെഡ്യൂൾ 1 – ൽ നിന്നും ഒഴിവാക്കി അഡീഷണൽ ടേണോവർ ടാക്സ് 2 ശതമാനം ഏർപ്പെടുത്തുകയുണ്ടായി. ഇത് ടെക്സ്റ്റൈൽ ഫാബ്രിക്സിനു

മാത്രം ബാധകമാണ്. ഷെഡ്യൂള്‍ 1 – ലെ സീരിയല്‍ നമ്പര്‍ 24 ഹാന്‍ഡ്ലൂം ക്ലോത്ത്, ഹാന്‍ഡ്ലൂം ബെഡ് ഷീറ്റ് ആന്റ് പില്ലോ കവര്‍ – അതിന് ബാധകമല്ല. അതുപോലെതന്നെ സീരിയല്‍ നമ്പര്‍ (27) ഖാദി ക്ലോത്ത്സ്, ഗാര്‍മെന്റ്സ് ഇവയ്ക്കും ബാധകമല്ല. ഇത് ഇവിടെ ഉന്നയിക്കാന്‍ കാരണം സെയില്‍സ് ടാക്സ് ഡിപ്പാര്‍ട്ടുമെന്റ് ഹാന്‍ഡ്ലൂമിനും ഖാദിക്കും ടേണോവര്‍ ടാക്സ് ഏര്‍പ്പെടുത്തി ടാക്സ് പിരിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. സര്‍ക്കാര്‍ ഈ നിയമഭേദഗതിയിലൂടെ എന്താണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ശരിയായ രീതിയില്‍, അറിയിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ. എം. മാണി):</u> സര്‍, കേരള ഫിനാന്‍സ് ബില്‍ പ്രകാരം ഒരുകോടി രൂപയില്‍ കൂടുതല്‍ ടേണോവറുള്ള തുണി വ്യാപാരികളുടെമേല്‍ രണ്ടുശതമാനം വിറ്റുവരവ് നികുതി ഏര്‍പ്പെടുത്തി വ്യവസ്ഥ ചെയ്തിട്ടുണ്ട്. പക്ഷേ ഇതിന്റെ ഇന്‍സിഡന്‍സ് ഒരിക്കലും ഗുണഭോക്താക്കളില്‍ ചെല്ലുകയില്ല. നേരെമറിച്ച് വ്യാപാരികളാണ് കൊടുക്കേണ്ടത്. രണ്ടാമതായി കൈത്തറി തുണിത്തരങ്ങളെ വിറ്റുവരവ് നികുതിയില്‍നിന്നും ഒഴിവാക്കാതെ കേരളത്തിനകത്തുള്ള ഇത്തരം ഉല്പാദന യൂണിറ്റുകള്‍ക്ക് അവരടയ്ക്കുന്ന വിറ്റുവരവ് നികുതിക്ക് തുല്യമായ തുക സബ്സിഡിയായി നല്കുന്നതായിരിക്കും ഉത്തമം. അല്ലെങ്കില്‍ പുറത്തുനിന്നുള്ള മറ്റ് തുണിത്തരങ്ങള്‍ കൈത്തറി തുണിത്തരങ്ങളായി മിസ്ക്ലാസിഫൈ ചെയ്ത് വമ്പിച്ച നികുതി വെട്ടിപ്പുണ്ടാക്കാന്‍ സാധ്യതയുണ്ട്. അതുകൊണ്ട് അതിനുപകരം സബ്സിഡി വ്യവസ്ഥ

കൊണ്ടുവരാവുന്നതാണ്. 21 ഇനം ഖാദി ഉല്പ്പന്നങ്ങൾക്ക് ഉല്പാദന യൂണിറ്റുകളുടെ വില്പന ഘട്ടത്തിൽ ഇതിനകംതന്നെ നികുതി ഒഴിവ് നല്കിയിട്ടുണ്ട്. ഇത് പരിഗണിച്ച് ഖാദി തുണിത്തരങ്ങളെ മാത്രമായി വിറ്റു വരവ് നികുതിയിൽനിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കാവുന്നതാണ്.

**പത്രപ്രവർത്തക പെൻഷൻ**

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): സർ, പഴുത്ത ഇല വീഴുമ്പോൾ പച്ച ഇല ചിരിക്കുമെന്നാണ് പറയുന്നത്. കുറച്ചു കഴിയുമ്പോൾ പച്ച ഇലയും പഴുത്ത ഇല ആകുമെന്ന് പച്ച ഇല അറിയുന്നില്ല. എനിക്ക് പറയാനുള്ളത്, പെൻഷൻ കൊടുക്കേണ്ടത് ആർക്കൊക്കെയാണെങ്കിലും അത് യഥാസമയം കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. ഇല്ലെങ്കിൽ വലിയ ബുദ്ധിമുട്ടുണ്ടാകും. സ്വാതന്ത്ര്യ സമ്പാദനത്തിലും ജനാധിപത്യത്തിന്റെ വളർച്ചയ്ക്കും രാജ്യത്തിന്റെ കെട്ടുറപ്പിനും മത സഹിഷ്ണുതയ്ക്കുമൊക്കെ നിസ്തുല സംഭാവന ചെയ്തിട്ടുള്ളവരാണ് പത്രപ്രവർത്തകർ. ഉന്നത വിദ്യാഭ്യാസമുണ്ടായിട്ടും ലാഭകരമായ മേഖലയിൽ എത്തിപ്പെടാൻ സാഹചര്യ മുണ്ടായിട്ടും ഉന്നത സാമൂഹ്യ ബോധമുള്ളതുകൊണ്ടും രാജ്യത്തോട് പ്രതിബദ്ധയുള്ളതുകൊണ്ടും പത്രപ്രവർത്തനം തൊഴിലായി തെരഞ്ഞെടുത്ത വരാണ് കേരളത്തിലെ ബഹുഭൂരിപക്ഷം പത്രപ്രവർത്തകരുമെന്നാണ് എന്റെ അഭിപ്രായം. വിരമിച്ച പത്രപ്രവർത്തകരുടെ നില പരിതാപകരമാണ്. വാർദ്ധക്യം, രോഗം, വരുമാനമില്ലായ്മ എന്നിവയൊക്കെ അവരെ അലട്ടുക യാണ്. ഈ സാഹചര്യത്തിൽ അവർക്കൊരു കൈത്താങ്ങാണ് പെൻഷൻ എന്നു പറയുന്നത്. പത്ര പ്രവർത്തകരുടെ അവസ്ഥ നന്നായി അറിയാമായി രുന്ന മുൻ മുഖ്യമന്ത്രി കെ. കരുണാകരനാണ് ഇന്ത്യയിൽ ആദ്യമായി

പത്രപ്രവർത്തകർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തിയത് അവരുടെ പെൻഷൻ വർദ്ധിപ്പിച്ചുകൊടുത്തത് ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിയാണെന്ന കാര്യവും ഞാൻ നന്ദിയോടുകൂടി ഓർക്കുന്നു. ആദ്യഘട്ടത്തിൽ ആയിരം രൂപയായിരുന്നു അവരുടെ പെൻഷൻ. പിന്നീടു വന്ന എൽ.ഡി.എഫ്.-യു.ഡി.എഫ്. സർക്കാരുകൾ അനുഭാവപൂർവ്വം തുക വർദ്ധിപ്പിച്ചു. ഈ വർഷത്തെ ബഡ്ജറ്റിൽ പെൻഷൻ തുക 8,000 രൂപയാക്കി വർദ്ധിപ്പിച്ചു. എന്നാൽ പെൻഷൻ തുക അതാതുമാസം ലഭിക്കാത്ത ദു:സ്ഥിതിയാണുള്ളത്. പെൻഷനെ മാത്രം ആശ്രയിച്ചുകഴിയുന്ന, മുതിർന്ന പത്രപ്രവർത്തകരുടെ ജീവിതം ഇപ്പോൾ പ്രതിസന്ധിയിലാണ്. അതാണ് ഈ വിഷയം സബ്മിഷനായി ഉന്നയിക്കാൻ കാരണം. 2013 നവംബർ 13 വരെ പെൻഷൻ കുടിശ്ശികയായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മുൻകൈയെടുത്ത് 2.78 കോടി രൂപ അനുവദിച്ചതോടെയാണ് അന്നത്തെ പ്രതിസന്ധി മറികടന്നത്. എന്നാൽ പിന്നീടും പെൻഷൻ വിതരണത്തിൽ നടപടിക്രമങ്ങളുടെ പാളിച്ച കാരണം കാലതാമസം പതിവായിരിക്കുകയാണ്. ഈ സാമ്പത്തിക വർഷം മുതൽ 8,000 രൂപ വീതം പെൻഷൻ നൽകേണ്ടതാണ്. എന്നാൽ വളരെ വൈകി, മേയ് മാസത്തിൽ 7,000 രൂപ മാത്രമാണ് നൽകിയത്. മേയ് മാസത്തിലെ പെൻഷൻ കാര്യത്തിൽ ഇന്നലെവരെ തീരുമാനമായിരുന്നില്ല. ഈ നോട്ടീസ് നൽകിയ തിങ്കളാഴ്ചയ്ക്ക് ശേഷം ധൃതിപിടിച്ച്, ഇന്നലെ വൈകുന്നേരം 5 മണിയോടെ മേയ് മാസത്തെ പെൻഷനുള്ള ലിസ്റ്റും ചെക്കും ട്രഷറിയിൽ എത്തിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.250/11/ധനകാര്യവകുപ്പ്, തീയതി 02-06-2011

പ്രകാരം എല്ലാ മാസവും 25-ാം തീയതി അടുത്ത മാസം പെൻഷൻ വിതരണം ചെയ്യേണ്ടുന്നവരുടെ ലിസ്റ്റും ചെക്കും ട്രഷറിയിൽ എത്തേണ്ട താണ്. എന്നാൽ ഇതു പാലിക്കപ്പെടുന്നില്ല. ഫണ്ട് ഉണ്ടെങ്കിൽത്തന്നെ പി.ആർ.ഡി.-യിൽ നിന്ന് ലിസ്റ്റും ചെക്കും സമയത്ത് ലഭിക്കുന്നില്ലെന്നാണ് ട്രഷറി വകുപ്പ് പറയുന്നത്. ഒട്ടേറെ ജനക്ഷേമകരമായ പദ്ധതികളും പരിപാടികളും നടത്തുന്ന ഈ ഗവൺമെന്റ് സമൂഹം ആദരിക്കുന്ന മുതിർന്ന പത്രപ്രവർത്തകരുടെ പെൻഷൻ അതാത് മാസം വിതരണം ചെയ്യാൻ നിഷ്ക്കർഷ പുലർത്തണം. ഇക്കാര്യം പ്രത്യേകമായി ശ്രദ്ധിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്. അതോടൊപ്പംതന്നെ പത്രപ്രവർത്തകരുടെ പെൻഷൻ അംശദായ കുടിശ്ശിക അടയ്ക്കുന്നത് തടഞ്ഞുവച്ചിരിക്കുകയാണ്. ഇക്കാര്യം വളരെ പ്രധാനപ്പെട്ടതാണ്. ഇനി കുടിശ്ശിക അടയ്ക്കണമെങ്കിൽ 50 ശതമാനം പിഴ ഈടാക്കാനാണ് നീക്കം. ഉത്തരവ് ഉടൻ ഇറങ്ങുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ വിഷയം കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നിലവിൽ 5 ശതമാനം പിഴയാണുള്ളത്. അത് 50 ശതമാനമാക്കി ഉയർത്തുന്നത് ശരിയല്ല. അത് ഒഴിവാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് വിനയത്തോടെ അഭ്യർത്ഥിക്കാനുള്ളത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. ഏത് പെൻഷനും മുടങ്ങാതെ കൊടുക്കേണ്ടത് ഒരു ഗവൺമെന്റിന്റെ ചുമതലയാണ്. പത്രപ്രവർത്തക

പെൻഷൻ, അവശ പത്രപ്രവർത്തക പെൻഷൻ, പ്രമുഖ പത്രപ്രവർത്തക പെൻഷൻ എന്നിങ്ങനെ സംസ്ഥാനത്തെ പത്രപ്രവർത്തകരുടെ പെൻഷൻ മൂന്നുതരത്തിലാണ്. ഈ മൂന്ന് പദ്ധതിയിലൂടെ ആകെ 634 മാധ്യമ പ്രവർത്ത കർക്കാണ് ഇപ്പോൾ പെൻഷൻ നൽകുന്നത്. ഈ സർക്കാർ ഭരണത്തിൽ വരുമ്പോൾ പത്രപ്രവർത്തക പെൻഷൻ 3,500 രൂപയായിരുന്നു. ഇപ്പോഴത് 8,000 രൂപയാണ്. പെൻഷൻ തുകയിൽ ഇരട്ടിയിലേറെ വർദ്ധനവാണ് നൽകിയിരിക്കുന്നത്. അത് വിസ്മരിക്കരുത്. പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് ഇപ്പോൾ 8,000 രൂപയാണ് കൊടുക്കുന്നത്, നേരത്തെ അത് 7,000 രൂപയായിരുന്നു. പ്രമുഖ പത്ര പ്രവർത്തകർക്ക് 3,000 രൂപയും അവശ പത്രപ്രവർത്തകർക്ക് 2,000 രൂപയുമാണ് പെൻഷൻ കൊടുക്കുന്നത്. മെമ്പർ പറഞ്ഞുപോലെ, കഴിഞ്ഞ മേയ് മാസത്തിലെ പെൻഷൻ കൊടുക്കാൻ താമസമുണ്ടായി. കാരണം പത്രപ്രവർത്തക പെൻഷൻ വിതരണം 2014 ഫെബ്രുവരി മുതൽ ട്രഷറി സേവിംഗ്സ് ബാങ്ക് മുഖേനയാക്കി ഉത്തരവായി. അതേത്തുടർന്ന് ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിലെ പെൻഷൻ ട്രഷറി മുഖേന യഥാസമയം കൊടുത്തു. പക്ഷേ മേയ് മാസത്തിലെ പെൻഷനും ട്രഷറി വഴി നൽകാൻ ചെക്കും ലിസ്റ്റും നൽകിയപ്പോൾ പുതിയ മാതൃകയിൽ ലിസ്റ്റ് ആവശ്യപ്പെട്ടുകൊണ്ട് ട്രഷറി അത് തിരിച്ചയച്ചു. ആ ലിസ്റ്റ് വീണ്ടും തിരുത്തി 17-06-2014-ൽ ട്രഷറിയിൽ കൊടുക്കുകയും ചെയ്തു. ഇന്നുമുതൽ ട്രഷറിയിൽ നിന്ന് പെൻഷൻ റിലീസ് ചെയ്യും. ട്രഷറിയിലുണ്ടായ ഒരു ആശയക്കുഴപ്പം കാരണ മാണ് ഇങ്ങനെയൊരു ചെറിയ പാകപ്പിഴ ഉണ്ടായത്. എനിക്ക് ഒരു കാര്യം

ചൂണ്ടിക്കാണിക്കാനുള്ളത്, പെൻഷൻ നൽകുക എന്നത് ഗവൺമെന്റിന്റെ മാത്രം ബാദ്ധ്യതയല്ല. പെൻഷൻ സ്കീമിൽ ഗവൺമെന്റും പത്ര ഉടമകളും പത്ര പ്രവർത്തകരും ഉൾപ്പെടുന്നു. പത്ര പ്രവർത്തകരുടെ അംശദായമെന്ന് പറയുന്നത് മാസത്തിൽ 200 രൂപവീതമാണ്. പക്ഷേ, പത്ര ഉടമകളുടെ ഒരു കോൺട്രിബ്യൂഷനും ഈ സ്കീമിലേയ്ക്ക് ലഭിക്കുന്നില്ല. പത്ര ഉടമകളുടെ യോഗം രണ്ടുതവണ വിളിച്ചെങ്കിലും അവരാരും യോഗത്തിൽ പങ്കെടുത്തില്ല. ഇതൊരു സാമൂഹ്യ ബാദ്ധ്യതയാണ്. അതുകൊണ്ടുതന്നെ വീണ്ടും ഒരു യോഗം വിളിച്ചുചേർക്കാനും എംപ്ലോയറുടെ കോൺട്രിബ്യൂഷൻ ഉറപ്പു വരുത്താനും ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്. ഒരുവർഷം കുടിശ്ശികയായാൽ അംശദായം അടയ്ക്കാൻ പറ്റില്ല, അതാണ് നിലവിലെ വ്യവസ്ഥ. നിരവധി ആളുകളുടെ ആവശ്യപ്രകാരം കഴിഞ്ഞ ദിവസം ചേർന്ന പത്രപ്രവർത്തക പെൻഷൻ കമ്മിറ്റി ഇക്കാര്യത്തിൽ ലിബറലായ ഒരു തീരുമാനമെടുത്തു. ഈ സ്കീമിലെ അംഗങ്ങൾക്ക് എത്ര കാലത്തെ കുടിശ്ശികയുണ്ടെങ്കിലും വീണ്ടും അംശദായം അടയ്ക്കാൻ അനുവാദം കൊടുത്തു. അത് അവർക്ക് നൽകിയ വലിയൊരു വിട്ടുവീഴ്ചയാണ്. എന്നാൽ അങ്ങനെ ചെയ്യണമെങ്കിൽ കുടിശ്ശികയുടെ 50 ശതമാനം അടയ്ക്കണം. ഇത് ഗവൺമെന്റ് വരുത്തിയ മാറ്റമല്ല. പത്രപ്രവർത്തക പെൻഷൻ കമ്മിറ്റിയുടെ തീരുമാനമാണ്. വർഷങ്ങളായി കുടിശ്ശികയുള്ള നിരവധി ആൾക്കാരുണ്ട്. അതുകൊണ്ട്, അങ്ങ് പറഞ്ഞതു പോലെ പിഴയുടെ ശതമാനം കുറയ്ക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്. പെൻഷൻ സ്കീമിൽ അംഗങ്ങളായെങ്കിലും ഇക്കാല മത്രയും അംശദായം അടയ്ക്കാത്ത ആളുകൾക്ക് കൊടുത്ത വലിയൊരു

സൗജന്യമാണിത്. ദയവുചെയ്ത് അതിനെ ഒരു കുറ്റമായി കാണരുത് എന്ന് ഞാൻ അപേക്ഷിക്കുകയാണ്.

**ഡെന്റൽ കോളേജ്**

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശ്ശൂരിൽ ഒരു ഡെന്റൽ കോളേജ് ആരംഭിക്കുമെന്ന് ഒരു വർഷം മുമ്പാണ് തീരുമാനിച്ചത്. ഈ വിദ്യാഭ്യാസ വർഷത്തിലെങ്കിലും അത് പ്രാവർത്തികമാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. പരിമിതികളുണ്ടെങ്കിലും കോളേജിനാവശ്യമായ സകല സൗകര്യങ്ങളും അവിടെ ഏർപ്പാട് ചെയ്തിട്ടുണ്ട്. മറ്റൊരു ആവശ്യത്തിന് ഉപയോഗിച്ചിരുന്ന കെട്ടിടം ഇതിനുവേണ്ടി സജ്ജീകരിച്ച്, ബന്ധപ്പെട്ട കമ്മിറ്റി സ്ഥലം സന്ദർശിച്ച് അനുകൂലമായ റിപ്പോർട്ടും സമർപ്പിച്ചുവെങ്കിലും ഇന്നും ഇതുസംബന്ധിച്ച് ഒരു തീരുമാനമായിട്ടില്ല. ഡെന്റൽ കോളേജ് അടുത്ത വർഷമേ തുടങ്ങുകയുള്ളു എന്ന പത്രവാർത്ത അവിടത്തെ ജനങ്ങളുടെ ഇടയിൽ വലിയ ആശയക്കുഴപ്പമുണ്ടാക്കിയിട്ടുണ്ട്. ഇതോടൊപ്പംതന്നെ പ്രഖ്യാപിച്ച ആലപ്പുഴ ഡെന്റൽ കോളേജിന്റെ പ്രവർത്തനം ഈ വർഷം തന്നെ ആരംഭിക്കുമെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ ആരുടെയോ ഭാഗത്തുനിന്ന് ഒരു അലംഭാവം സംഭവിച്ചതായാണ് കരുതുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വ്യക്തമാക്കണം. ഡെന്റൽ കോളേജിന്റെ പ്രവർത്തനം കഴിയുമെങ്കിൽ ഈ വർഷംതന്നെ ആരംഭിക്കാൻ സത്വര നടപടി കൈക്കൊള്ളണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തൃശ്ശൂരിൽ സർക്കാർ മേഖലയിൽ ഒരു ഡെന്റൽ കോളേജ് വരേണ്ടതിന്റെ ആവശ്യകത നിലനിൽക്കുന്നുണ്ട്. അവിടെ ഒരു ഗവൺമെന്റ് ഡെന്റൽ കോളേജ് സ്ഥാപിച്ചാൽ സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് കുറഞ്ഞ നിരക്കിൽ ഉന്നതനിലവാരത്തിലുള്ള പ്രൊഫഷണൽ ദന്ത വിദ്യാഭ്യാസം ലഭ്യമാകുകയും സാധാരണ ജനങ്ങൾക്ക് ദന്ത സംബന്ധമായുണ്ടാകുന്ന വിവിധ തരം രോഗങ്ങൾക്ക് സൗജന്യചികിത്സ ലഭ്യമാകുകയും ചെയ്യും. തൃശ്ശൂർ മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് നിലവിൽ ദന്തരോഗ വിഭാഗത്തിന്റെ ഒ.പി മാത്രമാണ് പ്രവർത്തിക്കുന്നത്. തൃശ്ശൂർ മേഖലയിൽ ദന്ത ചികിത്സാ സൗകര്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കുന്നതിനായി ഒരു സർക്കാർ ഡെന്റൽ കോളേജ് അത്യാവശ്യമാണ്. തൃശ്ശൂർ ഡെന്റൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനത്തിനായി 22-02-2014-ലെ സർക്കാർ ഉത്തരവുപ്രകാരം 19 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 5 കോടി രൂപ സർക്കാർ അനുവദിക്കുകയും ടി തുക തൃശ്ശൂർ ഡെന്റൽ കോളേജിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചുമതലപ്പെടുത്തിയിട്ടുള്ള ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിന് നൽകുകയും ചെയ്തു. ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഡെന്റൽ കോളേജിനായി 120 ലക്ഷം രൂപയുടെ യന്ത്രോപകരണങ്ങൾ വാങ്ങാനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. തൃശ്ശൂർ, ആലപ്പുഴ ഡെന്റൽ കോളേജുകൾ തുടങ്ങുന്നതിന് ഭരണാനുമതി നൽകുകയും 2014 അദ്ധ്യയന വർഷംതന്നെ പ്രവർത്തനം ആരംഭിക്കുന്നതിന്

ഉദ്ദേശിക്കുകയും ചെയ്തിരുന്നു. ആലപ്പുഴയിൽ ഡെന്റൽ കോളേജിനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും സജ്ജമാക്കിയതിനാൽ അവിടേയ്ക്കു വേണ്ടി മാത്രം സ്റ്റാഫ് ക്രിയേഷൻ നടത്തിയിട്ടുണ്ട്. തൃശ്ശൂരിൽ ഡെന്റൽ കോളേജിനാവശ്യമായ സൗകര്യങ്ങൾ പൂർണ്ണമായും സജ്ജീകരിക്കാൻ സാധിച്ചിട്ടില്ല. അത് സജ്ജീകരിക്കുന്ന മുറയ്ക്ക് തൃശ്ശൂരിൽ അടുത്ത വർഷം അദ്ധ്യയനം ആരംഭിക്കാൻ കഴിയുന്ന രീതിയിലുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

## ചടയമംഗലം പി.എച്ച്. സെന്റർ

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ചടയമംഗലം പി.എച്ച്.സി.യെ സി.എച്ച്.സി ആക്കണമെന്ന നിവേദനം അങ്ങേയ്ക്ക് നൽകിയിരുന്നു. പി.എച്ച്.സി യുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ടി ആസ്തി വികസന ഫണ്ടിൽനിന്ന് ഒരു കോടി രൂപ 18 മാസം മുമ്പ് അനുവദിച്ചിരുന്നു. പി.ഡബ്ല്യൂ.ഡി.ക്കാർ കണക്കാക്കിയത് പ്രകാരമുള്ള തുക മതിയാകു കയില്ലെന്ന് ആരോഗ്യ വകുപ്പിൽ നിന്ന് അറിയിച്ചതിനെത്തുടർന്ന് ഇപ്പോൾ 1.93 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പക്ഷേ വകുപ്പുകൾ തമ്മിലുള്ള യോജിപ്പില്ലായ്മ കാരണം ഈ ഫയൽ അങ്ങോട്ടും ഇങ്ങോട്ടും നീങ്ങുക യാണ്. ഫണ്ട് നൽകിയിട്ടും അതിന്റെ പ്രവർത്തനം നടക്കുന്നില്ല. ഇത്തരം പ്രശ്നങ്ങൾ പല സ്ഥലത്തും ഉണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ചടയമംഗലം പി.എച്ച്.സി.യിലെ ഒ.പി-യിൽ ധാരാളം രോഗികൾ വരുന്നുണ്ട്, ധാരാളം രോഗികളെ കിടത്തി ചികിത്സിക്കുന്നുമുണ്ട്. അങ്ങ് മുൻകയ്യെടുത്ത് ബന്ധപ്പെട്ട പി.ഡബ്ല്യൂ.ഡി എഞ്ചിനീയറെയും അങ്ങയുടെ വകുപ്പിലെ ഉദ്യോഗ

സ്ഥരെയും വിളിച്ചുകൂട്ടി ഈ വകുപ്പുകൾ തമ്മിലുള്ള പ്രശ്നം പരിഹരിക്കുന്ന തിനും ഈ പ്രവൃത്തി തുടങ്ങുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ചടയമംഗലം പി.എച്ച്. സെന്ററിനുവേണ്ടി ഒരു പുതിയ കെട്ടിടം പണിയുന്നതിന് ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി 184 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി 02-01-2014-ൽ ലഭിക്കുകയുണ്ടായി. പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിന് അയച്ചപ്പോൾ സ്റ്റാന്റേർഡ് പി.എച്ച്.സി ക്ക് പീഡിയാട്രിക് വാർഡ്, ഓപ്പറേഷൻ തീയറ്റർ എന്നിവ ആവശ്യമില്ലെന്നും പ്രൊപ്പോസൽ പുന:പരിശോധിക്കണമെന്നും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറോട് ആരോഗ്യവകുപ്പ് ഡയറക്ടർ പ്രസ്തുത പ്രൊപ്പോസൽ പുന:പരിശോധിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. അതേത്തുടർന്ന് ചടയമംഗലം പി.എച്ച്.സി യിൽ കാഷ്വാലിറ്റി യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അപേക്ഷ 22-02-2014-ന് ലഭിച്ചിട്ടുണ്ട്. വിശദമായ പ്ലാനും എസ്റ്റിമേറ്റും ഉടൻതന്നെ സമർപ്പിക്കുമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതുപോലെ, ഈ അസംബ്ലി സെഷൻ സമയത്തുതന്നെ ഇതുമായി ബന്ധപ്പെട്ട യോഗം വിളിച്ച് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെ അപര്യാപ്തത

ശ്രീ. എം. ഉമ്മർ: സർ, മെഡിക്കൽ കോളേജുകളിൽ, പ്രത്യേകിച്ച് പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ അദ്ധ്യാപക ഡോക്ടർമാരുടെ അപര്യാപ്തത അനുഭവപ്പെടുകയാണ്. അതിന് പ്രധാന കാരണം സേവന വേതന വ്യവസ്ഥയിലെ കുറവാണ്. മെഡിക്കൽ കോളേജിലേയ്ക്ക് ജൂനിയർ റെസിഡന്റായി എം.ബി.ബി.എസ് കാരായ ഡോക്ടർമാരെ നിയമിക്കുമ്പോൾ അവർക്ക് പ്രതിമാസം 35,000 രൂപയാണ് നൽകുന്നത്. പി.ജി കഴിഞ്ഞുവരുന്നവർക്ക് പ്രതിമാസം 38,000 രൂപയാണ് നൽകുന്നത്. എം.ബി.ബി.എസ് കാരുടെയും പി.ജി. കഴിഞ്ഞവരുടെയും ശമ്പളത്തിൽ 3,000 രൂപയുടെ വ്യത്യാസം മാത്രമാണുള്ളത്. പി.എസ്.സി ലിസ്റ്റിൽ ആളുമില്ല. പരസ്യം നൽകി ആളുകൾ ഇന്റർവ്യൂവിന് വന്നാൽ വേതന വ്യവസ്ഥകൾ കേൾക്കുമ്പോൾ അവർ ജോയിൻ ചെയ്യാതെ മടങ്ങിപ്പോകുന്ന അവസ്ഥ നിലനിൽക്കുകയാണ്. പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളുടെ, പ്രത്യേകിച്ച് മഞ്ചേരി മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തെ അത് കാര്യമായി ബാധിക്കുന്നുണ്ട്. പി.ജി. കഴിഞ്ഞവരെ അസിസ്റ്റന്റ് പ്രൊഫസറായി പി.എസ്.സി വഴി നിയമിച്ചാൽ അവർക്ക് 68,000 രൂപ കൊടുക്കുന്നുണ്ട്. അവരെ ഇന്റർവ്യൂ നടത്തി ഡയറക്ടായി നിയമിക്കുമ്പോൾ 38,000 രൂപയാണ് കൊടുക്കുന്നത്. അസിസ്റ്റന്റ് പ്രൊഫസർമാർക്ക് കൊടുക്കുന്ന ശമ്പളം താല്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നവർക്കുകൂടി

കൊടുത്താൽ മാത്രമേ പുതിയ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ക്ഷാമം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. പി.ജി. ചെയ്യുന്നവർക്ക് മുമ്പ് ഒരു വർഷത്തെ ബോണ്ട് നിർബന്ധമായിരുന്നു. ഇപ്പോൾ അങ്ങനെയൊരു നിബന്ധനയില്ലാത്തിനാൽ ഗവൺമെന്റ് മെഡിക്കൽ കോളേജിൽനിന്ന് പാസ്സായിവരുന്ന ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്താൻ കഴിയുന്നില്ല. അതുകൊണ്ട് പി.ജി കഴിഞ്ഞുവരുന്നവരുടെ സേവനം ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ ഒരു വർഷത്തേയ്ക്കെങ്കിലും ഉറപ്പുവരുത്തുന്ന തിനുവേണ്ടി ബോണ്ട് ഇൻസിസ്റ്റ് ചെയ്യണമെന്നും പുതിയ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ഡോക്ടർമാരുടെ അപര്യാപ്തത പരിഹരിക്കു ന്നതിന് സത്വര നടപടി കൈക്കൊള്ളണമെന്നും അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജു കളിലെ എൻട്രി കേഡർ അദ്ധ്യാപക തസ്തിക 2006 വരെ ട്യൂട്ടർ/ലക്ചർ എന്നാണറിയപ്പെട്ടിരുന്നത്. എന്നാൽ 2006-ലെ ശമ്പളപരിഷ്കരണത്തോടു കൂടി ഇത് സീനിയർ ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ എന്നാക്കി ഉയർത്ത പ്പെട്ടു. നിലവിൽ സർക്കാർ മെഡിക്കൽ കോളേജിലെ എൻട്രി കേഡർ സീനിയർ ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസറാണ്. അതിനുള്ള അടിസ്ഥാന യോഗ്യത മെഡിക്കൽ പി.ജി ബിരുദമാണ്. 2006-ലെ ശമ്പളപരിഷ്കരണ ത്തോടുകൂടി ആകർഷകമായ ശമ്പള പാക്കേജാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരായ ഡോക്ടർമാർക്ക് നൽകിയത്. ശമ്പളം കൂടാതെ

അക്കാഡമിക് ഗ്രേഡ് പേ, പേഷ്യന്റ് കെയർ അലവൻസ്, നോൺ പ്രാക്ടീസിംഗ് അലവൻസ് തുടങ്ങിയ ഇനങ്ങളിലും ആനുകൂല്യങ്ങൾ നൽകി വരുന്നു. ടി അദ്ധ്യാപകർക്ക് ഏതെങ്കിലും കാരണവശാൽ പ്രൊമോഷൻ വൈകുന്ന സാഹചര്യത്തിൽ കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ നൽകി അവർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം നികത്തിവരുന്നു. ഇത്തരത്തിൽ സർക്കാർ മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് കാലോചിതമായ സേവന വേതന വ്യവസ്ഥകൾ തന്നെയാണ് സർക്കാർ ഉറപ്പുവരുത്തിയിട്ടുള്ളത്. നിലവിലുള്ള സ്ഥിരം അദ്ധ്യാപകർക്ക് അടിയന്തരമായി വേതന പരിഷ്കരണ ത്തിന്റെ ആവശ്യമുള്ളതായി സംസ്ഥാന ഗവൺമെന്റ് കാണുന്നില്ല. സർക്കാർ മെഡിക്കൽ കോളേജുകളിൽ എൻട്രി കേഡർ വിഭാഗങ്ങളിൽ മാത്രമാണ് അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെടുന്നത്. എൻട്രി കേഡറൊഴികെ മറ്റെല്ലാ കേഡറിലെയും അദ്ധ്യാപകർക്ക് ഡി.പി.സി വഴി കാലാകാലങ്ങളിൽ പ്രൊമോഷൻ നൽകിവരുന്നു. എൻട്രി കേഡറിൽത്തന്നെ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെട്ട ഡോക്ടർമാരുടെ ക്ഷാമമാണ് കൂടുതൽ അനുഭവപ്പെടുന്നത്. കൂടുതൽ ഡോക്ടർമാർ പഠിച്ചിറങ്ങുന്നതോടെ ഈ കുറവ് പരിഹരിക്കാൻ കഴിയുമെന്ന് കരുതുന്നു. എൻട്രി കേഡർ തസ്തികയെ ലക്ചററായി തിരികെ കൊണ്ടുവരുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. ഇത്തരത്തിൽ സർവീസിലേയ്ക്ക് കടന്നു വരുന്നവർക്ക് സർവീസ് ക്വാട്ട കാൻഡിഡേറ്റായി പോസ്റ്റ് ഗ്രാഡ്വേറ്റ് പഠനം നടത്താമെന്ന സവിശേഷതയുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്ക്കർഷിച്ച പ്രകാരമുള്ള അദ്ധ്യാപക അനുപാതം പാലിച്ചുകൊണ്ടു തന്നെയാണ് സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളും പ്രവർത്തിച്ചുവരുന്നത്. യു.ജി.സി പാറ്റേൺ അടിസ്ഥാനപ്പെടുത്തിയുള്ള

ശമ്പളനിരക്കുകളാണ് നിലവിൽ സർക്കാർ മെഡിക്കൽ കോളേജ് അദ്ധ്യാപകർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. ചില സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലെ കാലതാമസമൊഴിച്ചാൽ സർക്കാർ മെഡിക്കൽ കോളേജിലെത്തുന്ന രോഗികൾക്കെല്ലാം സമയബന്ധിതമായി വിദഗ്ദ്ധ ചികിത്സയും നൽകിവരുന്നുണ്ട്. ജൂനിയർ റെസിഡന്റ്സിന്റെ ശമ്പളം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ ആലോചനയിലുണ്ട്. അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഒരു വർഷക്കാലത്തെ ബോണ്ടിന്റെ കാര്യത്തെ സംബന്ധിച്ച് അവരുമായി സംസാരിച്ചതിനുശേഷം തീരുമാനമെടുക്കുന്നതിനെക്കുറിച്ച് ആലോചിക്കാം.

## പെരിങ്ങോട്ടുകരയിൽ പോലീസ് സ്റ്റേഷൻ

ശ്രീമതി ഗീതാ ഗോപി: സർ, എന്റെ നിയോജക മണ്ഡലത്തിലെ പെരിങ്ങോട്ടുകരയിൽ ആഭ്യന്തരവകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ പുതിയൊരു പോലീസ് സ്റ്റേഷൻ ആരംഭിക്കണമെന്ന് ജനങ്ങൾ വർഷങ്ങളായി ആവശ്യപ്പെടുകയാണ്. ഇക്കാര്യം പല പ്രാവശ്യം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നെങ്കിലും വകുപ്പുതല പരിശോധന നടത്തിവരികയാണ് എന്ന സ്ഥിരം മറുപടിയാണ് ലഭിച്ചത്. ഇത് സംബന്ധിച്ച ഫയൽ ആഭ്യന്തരവകുപ്പിന്റെ പരിഗണനയിലുണ്ട്. ഫയൽ നം. 14500/ഇ1/2010 അടിയന്തരമായി പരിശോധിച്ച് തീർപ്പുവരുത്തി പെരുങ്ങോട്ടുകരയിൽ പുതിയൊരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരി

ക്കണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പ് മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ശ്രീമതി ഗീതാ ഗോപി ഇതുസംബന്ധിച്ച് എനിക്ക് നേരിട്ടൊരു നിവേദനം നൽകിയിട്ടുണ്ട്. പെരിങ്ങോട്ടുകരയിൽ ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ആഭ്യന്തര വകുപ്പ് വിശദമായി പരിശോധിച്ചു. ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. എസ്.ഐ.–1, എ.എസ്.ഐ.–1, സീനിയർ സി.പി.ഒ.–5, സി.പി.ഒ.–25, ഡ്രൈവർ സി.പി.ഒ.–1, പി.റ്റി.എസ്. –1 എന്നീ 34 തസ്തികകൾ ആവശ്യമാണെന്നും അതിനായി ശമ്പള ഇനത്തിൽ വർഷംതോറും 69,36,396 രൂപയും അനാമത്ത് ചെലവിനത്തിൽ 7,44,400 രൂപയും അധിക ബാധ്യത വരുമെന്ന് കണ്ടെത്തിയിട്ടുണ്ട്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാൽ പ്രസ്തുത പ്രൊപ്പോസൽ ധനകാര്യവകുപ്പ് നിരസിക്കുകയും പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്റ്റേഷനിലെ ജോലിഭാരം സംബന്ധിച്ച പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചതിനുശേഷം പെരിങ്ങോട്ടുകരയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ ആവശ്യം പരിശോധിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്യും.

**ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ്**

ശ്രീ. കെ.കെ. ജയചന്ദ്രൻ : സർ, ഉടുമ്പൻചോല താലൂക്കിന്റെ ആസ്ഥാനമായ നെടുങ്കണ്ടത്ത് നിലവിൽ ഫയർ സ്റ്റേഷനില്ല. കേരളത്തിലെ വലിയ നിയോജകമണ്ഡലങ്ങളിൽ ഒന്നാണ് ഉടുമ്പൻചോല. അവിടെനിന്നും 60 കിലോമീറ്റർ ദൂരത്തിൽ മൂന്നാറിലും 30 കിലോമീറ്റർ അകലത്തിൽ കട്ടപ്പന യിലും 50 കിലോമീറ്റർ അകലത്തിൽ ഇടുക്കിയിലുമാണ് നിലവിൽ ഫയർ സ്റ്റേഷനുകളുള്ളത്. അതുകൊണ്ട് ആ പ്രദേശത്ത് എന്തെങ്കിലും ദുരന്തമുണ്ടാ യാൽ അടിയന്തര ആശ്വാസ നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സ്ഥിതി യാണുള്ളത്. റവന്യൂ വകുപ്പ് (ഫയൽ നം. 103124/എഫ്.2/2012) ഭൂമി വിട്ടുതരാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. അടിയന്തരമായി ഉടുമ്പൻചോല യിൽ ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, ശ്രീ. കെ.കെ. ജയചന്ദ്രൻ ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട ആവശ്യ മാണ്. ഉടുമ്പൻചോല താലൂക്ക് അയൽ സംസ്ഥാനമായ തമിഴ്നാടിന്റെ അതിർത്തി പ്രദേശമാണ്. ഉടുമ്പൻചോല താലൂക്കിൽ കൽക്കൂന്തൽ വില്ലേജിൽ സർവ്വെ നം. 143/1-ൽപ്പെട്ട 0.3336 ഹെക്ടർ (82.43 സെന്റ്) പുറമ്പോക്ക് ഭൂമി ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി വകുപ്പിന് കൈമാറി നൽകാവുന്നതാണെന്ന ലാന്റ് റവന്യൂ കമ്മീഷറുടെ റിപ്പോർട്ടിന്റെ അടിസ്ഥാ നത്തിൽ പ്രസ്തുത സ്ഥലം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഫയർ ആന്റ് സർവ്വീസസ് കമാൻഡന്റ് ജനറൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഫയർ

സ്റ്റേഷൻ ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. 21–1–2014–ന് നൽകിയ കത്തും ലഭിച്ചിട്ടുണ്ട്. അടുത്ത 5 വർഷത്തിനുള്ളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷനുകളുടെ പട്ടിക 21–12–2011–ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ പട്ടികയിൽ നെടുങ്കണ്ടം ഉൾപ്പെട്ടിട്ടില്ല. പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് പഠനം നടത്താൻ നിയോഗിച്ച കേന്ദ്ര ഗവൺമെന്റ് ഏജൻസിയായ ആർ.എം.എസ്.ഐ. നടത്തിയ പഠനത്തിലും നെടുങ്കണ്ടം ഉൾപ്പെട്ടിട്ടില്ല. എങ്കിലും ഫയർ സ്റ്റേഷൻ നിർമ്മാണത്തിനുള്ള സ്ഥലം വകുപ്പിന് കൈമാറിക്കിട്ടുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കുന്നു. (ശ്രീ. വി. ശിവൻകുട്ടി)

**വിഷ്ണുവിന്റെ കൊലപാതകം**

ശ്രീ. വി. ശിവൻകുട്ടി : സർ, ഇന്നലെ തലസ്ഥാന നഗരിയിൽ നടന്ന നിഷ്ഠൂരമായ കൊലപാതകത്തെ സംബന്ധിച്ചാണ് അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത്. 17–6–2014 ചൊവ്വാഴ്ച വെളുപ്പിന് നേമം നിയോജക മണ്ഡലത്തിൽ കരമന–കിള്ളിപ്പാലം ബണ്ട് റോഡിൽ കിള്ളിയാർ കടവിൽ അക്രമികളുടെ വെട്ടിലും കുത്തിലും ഏതാണ്ട് 9 മുറിവുകളേറ്റ് ഒരു യുവാവ് അതിദാരുണമായി കൊല്ലപ്പെട്ടിരിക്കുകയാണ്. കൊഞ്ചിറവിള–കല്ലടിമുഖം രാജീവ്ഗാന്ധി ലൈബ്രറിക്ക് സമീപം അറപ്പുര മുടമ്പ് വീട്ടിൽ വിഷ്ണു (22) വിനെയാണ് ഗുണ്ടകൾ കൊലപ്പെടുത്തിയിരിക്കുന്നത്. ഈ അതിദാരുണമായ സംഭവത്തോടെ തലസ്ഥാനനഗരം വീണ്ടും ഗുണ്ടാ ഭീഷണിയിൽ ആയിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഒരു

പത്രം എഴുതയിരിക്കുന്നത് 'ബണ്ട് റോഡ് മുതൽ ചോര, കിള്ളിയാറിൽ യുവാവ് വെട്ടേറ്റ് മരിച്ചു' എന്നാണ്. ബ്ലേഡ് മാഫിയയേയും പാറ പൊട്ടിക്കുന്നവരേയും ഫ്ളാറ്റ് നിർമ്മാണക്കാരേയും ഭൂമി പിടിച്ചെടുക്കുന്നവരേയും സഹായിക്കുന്നതിന് നിരവധി ഗുണ്ടാ സംഘങ്ങൾ വളർന്നുവരികയാണ്. ഒരു വിഭാഗം പോലീസുകാർ ഇവരെ സഹായിക്കുന്നുണ്ടെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. പലപ്പോഴും പട്രോളിംഗിന് നിയമിച്ചിരിക്കുന്ന വണ്ടി എൻ.എച്ച്.–ലോ പ്രധാനപ്പെട്ട റോഡിലോ ഒതുക്കി പോലീസുകാർ അതിൽ കിടന്നുറങ്ങുന്നത് കാണാം. ആക്രമിച്ചാൽപ്പോലും പ്രതികരിക്കാൻ കഴിയാത്ത, പ്രായമായ, പെൻഷൻപറ്റാൻ നാലോ അഞ്ചോ മാസം മാത്രമുള്ള പോലീസുകാരെയാണ് പട്രോളിംഗിന് വേണ്ടി നിയോഗിച്ചിരിക്കുന്നത്. സാധാരണഗതിയിൽ ആരെങ്കിലും ആക്രമിക്കാൻ വന്നാൽ വണ്ടിയുമെടുത്ത് പോവുകയല്ലാതെ മറ്റൊന്നും ചെയ്യാൻ അവർക്ക് കഴിയില്ല. യഥാർത്ഥത്തിൽ ആ സമയത്ത് മാത്രമാണ് പട്രോളിംഗ് നടക്കുന്നത്. ഇപ്പോൾ പുതിയൊരു പ്രവണ വളർന്നുവരികയാണ് – സബ് ഇൻസ്പെക്ടർമാരും സി.ഐ. മാരും എ.സി. മാരും റോഡിൽ ഇറങ്ങാറില്ല. മന്ത്രിമാരും എം.എൽ.എ. മാരും പല പരിപാടികൾക്കുമായി റോഡിൽ ഇറങ്ങി നടക്കുന്നുണ്ട്. പോലീസ് ഉദ്യോഗസ്ഥർ അവരുടെ സ്ഥാനങ്ങളിൽത്തന്നെ ഇരിക്കുകയാണ്. ഒരു സംഭവം ഉണ്ടായെന്ന് പറഞ്ഞ് കൺട്രോൾ റൂമിലേയ്ക്ക് ഫോൺ വിളിച്ചാൽ വിളിച്ച ആളിന്റെ പേരും ജാതകവും എവിടെ നിന്നാണെന്നുമെല്ലാം തിരക്കിയതിനുശേഷം കൺസേൺഡ് പോലീസ് സ്റ്റേഷനിൽ വിളിച്ച് പറയാമെന്ന് പറയും. കൺട്രോൾ റൂമിൽ വിളിച്ച് പറഞ്ഞാൽ ഉടൻതന്നെ സംഭവസ്ഥലത്ത് പോലീസ് എത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാ

യിട്ടുണ്ട്. അങ്ങ് ധാരാളം പരിഷ്ക്കാരങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. തലസ്ഥാന നഗരിയിൽ യുവാക്കൾ വെട്ടും കുത്തും ഏറ്റുമരിക്കുന്ന സംഭവങ്ങൾ ഒരു കാരണവശാലും അനുവദിക്കാൻ കഴിയുന്നതല്ല. ഇതിനെതിരെ കശനമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, തിരുവനന്തപുരം സിറ്റിയിലെ ഫോർട്ട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ആറ്റുകാൽ ക്ഷേത്രത്തിന് കിഴക്കുഭാഗം കിള്ളിയാറിൽ കീഴമ്പ് കടവ് എന്ന സ്ഥലത്തുവച്ച് 16–6–2014 രാത്രി 9 മണിയോടുകൂടി കൂടം പ്രകാശ്, ടിന്റു, ശ്രീകണ്ഠൻ, മക്കളായ ശിവപ്രസാദ്, ഹരിപ്രസാദ്, മിഥുൻരാജ്, കൊഞ്ചിറവിള സ്വദേശി പല്ലൻവിഷ്ണു എന്നിവർ ഒരു ചേരിയിലും ഫോർട്ട് പോലീസ് സ്റ്റേഷനിൽ അടിപിടിക്കേസിൽ ഉൾപ്പെട്ട ചാത്തൻ സജീവ്, പുഞ്ചിരി വിനോദ്, കൊമ്പുമോൻ സതികുമാർ, തങ്കുട്ടൻ എന്നിവർ മറുചേരിയിലുമായി ആയുധങ്ങൾ ഉപയോഗിച്ച് സംഘട്ടനത്തിൽ ഏർപ്പെട്ടതിൽ ഇരുവിഭാഗത്തിൽപ്പെട്ടവർക്കും സാരമായ പരിക്കുപറ്റി. പല്ലൻ വിഷ്ണുവിനെ സംഭവ സ്ഥലത്ത് നിന്നും കാണാതായിരുന്നു. ഈ സംഗതിക്ക് 17–6–2014–ൽ പകൽ 9.30 മണിയോടെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലുള്ള സതികുമാറിന്റെ മൊഴിപ്രകാരം പ്രകാശ്, ടിന്റു, ഹരിപ്രസാദ്, ശിവപ്രസാദ്, മിഥുൻ രാജ്, വിഷ്ണു എന്നിവരെ പ്രതിയാക്കി IPC 143, 147, 148, 149, 294(b), 323, 324, 307, section 27 of the Arms Act എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നം. 1176/14 ആയി ഒരു കേസും സംഭവസ്ഥലത്ത് താമസിക്കുന്ന പ്രകാശിന്റെ മൊഴിപ്രകാരം

143, 147, 148, 149, 323, 324, 307 of IPC and 27 of the Arms Act എന്നീ വകുപ്പുകൾ പ്രകാരം സജീവ്, സതി, വിനോദ്, കൊച്ചുമോൻ, തങ്കുട്ടൻ എന്നിവരുടെ പേരിൽ ക്രൈം നം. 1177/14 ആയി മറ്റൊരു കേസും ഫോർട്ട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്രൈം 1177/24 ആയിട്ടുള്ള കേസ്സിലെ, സംഭവത്തിൽ കാണാതായ മേലാപ്പുറം അറപ്പുരമുടുമ്പ് വീട്ടിൽ സതികുമാർ മകൻ വിഷ്ണുവിന്റെ മൃതദേഹം 17-6-2014-ന് പകൽ 4 മണിയോടെ കിള്ളിയാറിന്റെ കീഴമ്പ്കടവിൽ കാണപ്പെടുകയും ഇൻക്വസ്റ്റ് നടത്തി ശവശരീരം പോസ്റ്റുമോർട്ടത്തി നയയ്ക്കുകയും മേൽപ്പറഞ്ഞ സെക്ഷനുകൾക്ക് പുറമെ 302 ഐ.പി.സി. കൂടി ചേർത്ത് കൊലപാതകം കോടതിക്ക് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. ഈ കേസ്സിലെ പ്രതിയും ഇപ്പോൾ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതുമായ സതികുമാർ പോലീസ് സർവെയ്ലൻസി ലാണ്. ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്യുന്ന മുറയ്ക്ക് ഇയാളെ അറസ്റ്റ് ചെയ്യുന്നതാണ്. ക്രൈം 1176/14-നമ്പർ കേസ്സിലെ അന്വേഷണത്തിൽ പ്രതികളാണെന്ന് കണ്ടെത്തിയ പ്രകാശ്, അഖിൽ എന്നിവരെ 17-6-2014 -ൽ പോലീസ് അറസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാക്കിയി ട്ടുള്ളതും ഇപ്പോൾ ജുഡീഷ്യൽ കസ്റ്റഡിയിലുമാണ്. ഫോർട്ട് സി.ഐ. ഈ കേസ്സിന്റെ അന്വേഷണം നടത്തിവരുന്നു. ഇവിടെ രാത്രികാലങ്ങളിലുള്ള പട്രോളിംഗിനെ സംബന്ധിച്ച് പറഞ്ഞു. പട്രോളിംഗ് വളരെ ശക്തമായി നടത്തിക്കൊണ്ടിരിക്കുകയാണ്. രാത്രികാലങ്ങളിൽ കമ്മീഷണർ ശ്രീ. വെങ്കിടേഷിന്റെ നേതൃത്വത്തിൽ പട്രോളിംഗ് നടത്തുന്നുണ്ട്. ഈ അടുത്ത കാലത്തായി ഏറ്റവും കൂടുതൽ പ്രതികളെ പിടിച്ചിട്ടുള്ളതും തിരുവനന്തപുരം

സിറ്റിയിൽ നിന്നാണ്. വിവിധ ലോഡ്ജുകൾ റെയ്ഡ് ചെയ്യുന്നുണ്ട്. തിരുവനന്തപുരം നഗരത്തിൽ വളരെ ശക്തമായിത്തന്നെ പോലീസ് പട്രോളിംഗും രാത്രികാലങ്ങളിലുള്ള സർവെയ്ലൻസ് നടപടികളും നടത്തുന്നുണ്ട്. കൂടാതെ അശ്വാരൂഢസേന എല്ലാ സ്ഥലത്തും പട്രോളിംഗ് നടത്തുന്നുണ്ട്. രാത്രികാലങ്ങളിലെ ഹൈവേ പട്രോളിംഗ് ശക്തിപ്പെടുത്താനുള്ള നിർദ്ദേശം നേരത്തേതന്നെ കൊടുത്തിട്ടുള്ളതാണ്. കൺട്രോൾ റൂമിനെക്കുറിച്ചുള്ള പരാതി ഇവിടെ സൂചിപ്പിച്ചത് പരിശോധിക്കുന്നതാണ്. 100–ൽ വിളിച്ചാൽ ഫോൺ എടുക്കുന്നില്ലെന്നുള്ള പരാതിയും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന് പുതിയ സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ആളുകൾക്കുണ്ടാകുന്ന പരാതികൾ വേഗത്തിൽ പരിഹരിക്കുകയെന്നുള്ള ലക്ഷ്യത്തോടുകൂടി കൺട്രോൾ റൂമുകളുടെ പ്രവർത്തനം സിസ്റ്റമൈസ് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്

ശ്രീ. പാലോട് രവി: സർ, 30 വർഷത്തിലേറെക്കാലമായി തീരുമാനമാകാതെ നടപടിക്രമങ്ങളിൽ കുടുങ്ങിക്കിടക്കുന്ന അച്ചടിവകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ കേരളാ ഗവൺമെന്റ് പ്രസസ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗീകരിച്ചതിൽ മാറ്റം വരുത്താതെ അടിയന്തരമായി നടപ്പിലാക്കണമെന്നും ഏറ്റവും കൂടുതൽ സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള കേരളാ ഗവൺമെന്റ് പ്രസ്സുകളിൽ ഏറ്റവും കൂടുതൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ട്രേഡ് യൂണിയനുകളുടെയും മാനേജ്മെന്റിന്റെയും യോഗം വിളി

ച്ചുകൂട്ടണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. ഈ സഭയിൽത്തന്നെയുള്ള ബഹുമാന്യനായ ശ്രീ. സി. ദിവാകരനും ശ്രീ. വി. ശിവൻകുട്ടിയുമൊക്കെ കൈകാര്യം ചെയ്ത യൂണിയനുകൾ സംയുക്തമായിട്ടാണ് 2005 മുതൽ ഈയാവശ്യം ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിച്ചിട്ടുള്ളത്. അന്നുതന്നെ സെക്രട്ടറിതലങ്ങളിലും മന്ത്രിതലങ്ങളിലുമൊക്കെ അച്ചടിവകുപ്പിലെ ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തി എല്ലാവർക്കും സ്വീകാര്യമായ രീതിയിലാണ് നിയമവകുപ്പിന്റെയും പൊതുഭരണ വകുപ്പിന്റെയും പരിശോധനകൾക്ക് വിധേയമായി സ്പെഷ്യൽ റൂൾസ് പബ്ലിക് സർവ്വീസ് കമ്മീഷന്റെ അംഗീകാരത്തിനായി പോയത്. പ്രസ്തുത സ്പെഷ്യൽ റൂൾസ് 2009-ൽത്തന്നെ കേരള പബ്ലിക് സർവ്വീസ് കമ്മീഷനും അംഗീകരിച്ചിരുന്നു. ഈ സ്പെഷ്യൽ റൂൾസിന് സബ്ജക്ട് കമ്മിറ്റിയിൽനിന്ന് ഇതുവരെ അംഗീകാരം കിട്ടാത്തതാണ് കാലതാമസമുണ്ടാകുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതിന് കാലതാമസമുണ്ടായപ്പോൾത്തന്നെ ബഹുമാനപ്പെട്ട അങ്ങയുടെ മുമ്പിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുമ്പിലും ഞങ്ങൾ പരാതി സംയുക്തമായി ഉന്നയിച്ചിരുന്നു. ഫെബ്രുവരി മാസം 26-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അച്ചടിവകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തുകയും സ്പെഷ്യൽ റൂൾസ് അടിയന്തരമായി ഇറക്കുവാൻ നടപടി സ്വീകരിക്കുമെന്ന് പ്രസ്സിൽ നടന്നൊരു സമ്മേളനത്തിൽ പങ്കെടുത്ത മുഖ്യമന്ത്രി ഉറപ്പു നൽകുകയും ചെയ്തു. എത്ര മാസം കടന്നുപോയി, ഒരൊറ്റ പ്രൊമോഷൻ നടക്കുന്നില്ല, കോടതികളിൽപ്പോയപ്പോൾ കോടതികളെല്ലാം അനുകൂലമായ തീരുമാനമെടുത്തു. അതുകൊണ്ട് അങ്ങ് അടിയന്തരമായി ഈ സ്പെഷ്യൽ

റൂൾസ് നടപ്പിലാക്കുന്നതിനും ആയിരകണക്കിന് ജീവനക്കാരുടെ പ്രൊമോഷൻ തടസ്സപ്പെട്ടുപോകാതെ ഫലപ്രദമായി അവർക്ക് അർഹതപ്പെട്ട കാര്യങ്ങൾ മുൻകാല പ്രാബല്യത്തോടുകൂടി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഈ ട്രേഡ് യൂണിയൻ നേതാക്കന്മാരുടെ യോഗം വിളിച്ചുകൂട്ടണമെന്ന് എല്ലാപേർക്കുംവേണ്ടി സംയുക്തമായിട്ടാണ് ഉന്നയിക്കുന്നത്, നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, 1976-ലെ സർക്കാർ ഉത്തരവ് 327/176 പി. ഡി.നമ്പർ ഉത്തരവുപ്രകാരമുള്ള സ്പെഷ്യൽ റൂൾസ് അനുസരിച്ചാണ് ഗവൺമെന്റ് പ്രസസ് സബോർഡിനേറ്റ് സർവ്വീസുകൾ പ്രവർത്തിക്കുന്നത്. ഈ റൂൾസ് 1980, 1984, 1992 എന്നീ കാലഘട്ടങ്ങളിൽ ചില ഭേദഗതികൾ വരുത്തിയിരുന്നു. അച്ചടിവകുപ്പിലെ സാങ്കേതികവിഭാഗം ജീവനക്കാരുടെ സംഘടനകൾ നിലവിലുള്ള സ്പെഷ്യൽ റൂൾസിൽ മാറ്റംവരുത്തണമെന്നാവശ്യപ്പെട്ടതുകൊണ്ടും സാങ്കേതികവിദ്യയിലുണ്ടായ മാറ്റങ്ങളും പ്രസ്സുകളുടെ ആധുനികവൽക്കരണത്തിന്റെയും ഭാഗമായി അന്നുവരെ ഗവൺമെന്റ് പ്രസ്സുകളിലില്ലാതിരുന്ന ഓഫ്സെറ്റ് വിഭാഗം ഗവൺമെന്റ് പ്രസ്സിൽ പ്രവർത്തനമാരംഭിച്ചതിന്റെ ഭാഗമായും സ്പെഷ്യൽ റൂൾസിൽ മാറ്റം വരുത്തുന്നതിന് അച്ചടിവകുപ്പ് ഡയറക്ടർ ശുപാർശ നൽകുകയുണ്ടായി. ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുകയുണ്ടായി. എന്നാൽ പ്രസ്തുത കരട് സ്പെഷ്യൽ റൂൾസ് ഫൈനലൈസ് ചെയ്തുവരുന്ന സാഹചര്യത്തിൽ ചില ജീവനക്കാർ കോടതിയിൽ കേസ് ഫയൽ ചെയ്തതിനെത്തുടർന്നുണ്ടായ കോടതി ഉത്തരവുകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി

പ്രസ്തുത സ്പെഷ്യൽ റൂൾസ് പൂർത്തീകരിക്കുന്നതിനും നടപ്പാക്കുന്നതിനും കാലതാമസമുണ്ടായിട്ടുണ്ട്. തുടർന്ന് നടപടിക്രമങ്ങൾ പൂർത്തീകരിച്ചു കൊണ്ട് കരട് സ്പെഷ്യൽ റൂൾസ് നിയമസഭാ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയുണ്ടായി. കമ്മിറ്റിയിലെ ചില അംഗ ങ്ങൾ ചില നിർദ്ദേശങ്ങൾ നൽകിയതിന്റെ അടിസ്ഥാനത്തിൽ അടിയന്തര നട പടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട അംഗം പാലോട് രവിയും അതുപോലെതന്നെ യുണിയൻ നേതാക്കളായ ശ്രീ. വി. ശിവൻകുട്ടിയും ശ്രീ. സി. ദിവാകരനടക്കമുള്ള അംഗങ്ങളും ഇതിനുവേണ്ടിയുള്ള ആവശ്യമുന്നയി ച്ചിരുന്നു. സ്പെഷ്യൽ റൂൾസ് ഭേദഗതി നടപ്പിലാക്കുന്നതിലുണ്ടായ കാലതാ മസം അച്ചടിവകുപ്പിലെ കാലാകാലങ്ങളിലുണ്ടായ ഉദ്യോഗക്കയറ്റങ്ങളെയും നിയമനങ്ങളെയും ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യം പലപ്പോഴും ബഹുമാന പ്പെട്ട കോടതിയുടെ ഇടപെടലുകൾക്ക് വഴിവച്ചിട്ടുണ്ട്. ആയതിനാൽ സ്പെഷ്യൽ റൂൾസ് ഭേദഗതി നടപ്പിലാക്കേണ്ടത് അടിയന്തര പ്രാധാന്യത്തോ ടുകൂടിയാണ് കാണുന്നത്. വീണ്ടും യൂണിയൻ നേതാക്കന്മാരുടെ യോഗം വിളിച്ചുചേർത്ത് ഫൈനലൈസ് ചെയ്യുന്നതാണ്.

## പുതുക്കിയ നെൽവില

ശ്രീ. തോമസ് ചാണ്ടി: സർ, അരിവില 30 രൂപവരെയുണ്ടെന്ന് ഇവിടെ ഗവൺമെന്റ് സമ്മതിച്ചു. കുട്ടനാട്ടിലെ കർഷകർക്ക് കിട്ടിക്കൊണ്ടിരുന്ന നെല്ലു വില 18 രൂപയാണ്. അത് അനേകനാളത്തെ മുറവിളിക്കുശേഷം 19 രൂപയാ ക്കി വർദ്ധിപ്പിച്ചു. 19 രൂപയാക്കിയതിൽ സന്തോഷം. ഇങ്ങനെ വ്യത്യാസം വരുത്തുമ്പോൾ കുട്ടനാട്ടിൽ രണ്ട് കൃഷിയാണ്, ഒന്ന് പുഞ്ചക്കൃഷി, ഒന്ന് രണ്ടാം കൃഷി. പുഞ്ചക്കൃഷിയെന്നുപറഞ്ഞാൽ ഒരു തീയതിയിലല്ല നടക്കുന്ന

ത്, ഒരുമാസത്തെയും ഒന്നരമാസത്തെയും വ്യത്യാസത്തിലാണ് വിതയും കൊയത്തുമെല്ലാം നടക്കുന്നത്. ഒറ്റദിവസമാണെങ്കിൽ 10,000 കൊയ്ത്തുമെഷീൻ വേണ്ടിവരും. അതങ്ങനെ മാറ്റിമാറ്റി അഡ്ജസ്റ്റ് ചെയ്തുനടത്തുന്നതുകൊണ്ടാണ് കൊയത്തുമെഷീന്റെ ക്ഷാമമൊന്നുമിപ്പോഴില്ലാത്തത്. മാർച്ച് മാസം 3-ാം തീയതിക്കുശേഷം ബി.ആർ.എസ്. എഴുതിയവർക്കുമാത്രമാണ് നെല്ലുവില വർദ്ധിപ്പിച്ചുകൊടുക്കുന്നതെന്നാണ് ഉത്തരവിറങ്ങിയിരിക്കുന്നത്. അത് പുഞ്ചക്കൃഷിചെയ്ത എല്ലാപേർക്കും കിട്ടണ്ടേ, ഈ തീയതിക്ക് രണ്ടാഴ്ച മുമ്പ് കൊയ്തവർ വെള്ളത്തിലായി, അവർക്ക് കിട്ടുകയില്ല. മാർച്ച് 3-ാം തീയതിക്കുശേഷം കൊയ്തവർക്കാണ് കൊടുക്കുന്നത്, അതെന്ത് ന്യായമാണ്. പുഞ്ചക്കൃഷിക്ക് ഞങ്ങൾ നെല്ലുവില വർദ്ധിപ്പിച്ചിരിക്കുന്നു, അല്ലെങ്കിൽ രണ്ടാംകൃഷിയിൽ പങ്കെടുത്ത എല്ലാപേർക്കും നെല്ലുവില വർദ്ധിപ്പിച്ചിരിക്കുന്നു, എന്ന രീതിയിൽ പണ്ടുകാലത്തുവരുമായിരുന്ന ഓർഡർ ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രിയെപ്പറഞ്ഞ് മനസ്സിലാക്കി, അന്ന് അങ്ങ് അവിടെയില്ലായിരുന്നു. അതുകൊണ്ട് അടിയന്തരമായ നടപടിയെടുത്ത് പുഞ്ചക്കൃഷിചെയ്ത എല്ലാ കർഷകർക്കും ഒരുരൂപ വർദ്ധിപ്പിച്ചുകിട്ടുന്നത് അവരെ സംബന്ധിച്ചിടത്തോളം വലിയൊരു കാര്യമാണ്. അതുകൊണ്ട് അതിനാവശ്യമായ നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, കേരളത്തിലെ നെല്ലിന്റെ വിലത്തകർച്ച നേരിടുന്നതിനാണ് കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 2005 മുതൽ നെല്ല് സംഭരിച്ചുതുടങ്ങിയത്. കേന്ദ്രസർക്കാർ

നൽകുന്ന താങ്ങുവില തീർച്ചയായിട്ടും കേരളത്തെ കർഷകരെ സംബന്ധിച്ചിട ത്തോളം കുറവായതുകൊണ്ട് സംസ്ഥാന ഗവൺമെന്റും അതിനനുസൃതമായി ഒരു താങ്ങുവില നൽകുകയും അങ്ങനെയൊരു ഉയർന്ന സംഭരണവില ന ൽകിയാണ് എടുക്കുന്നത്. അങ്ങേയ്ക്ക് അറിവുള്ളതുപോലെതന്നെ നെല്ലിന് ഏറ്റവും കൂടുതൽ താങ്ങുവിലകൊടുക്കുന്ന സംസ്ഥാനം കേരളംതന്നെയാണ്. നെൽക്കൃഷിയുടെ വർദ്ധിച്ചുവരുന്ന കൃഷിച്ചെലവിനനുസൃതമായി സംഭ രണവിലയും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ധാരാളം മുറവിളികൂട്ടിയിട്ടാണ് തുക വർദ്ധിപ്പിച്ചതെന്നുപറയുമ്പോൾ ഒരുകാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയണ്. 2011 മുതൽ എല്ലാ വർഷവും ഈ ഗവൺമെന്റ് നെല്ലിന്റെ സംഭരണവില വർദ്ധിപ്പിച്ചിട്ടുണ്ട്. 2011 –ൽ കിലോഗ്രാമിന് 15 രൂപയായിരുന്നു, 2012–ൽ അത് 17 രൂപയായി, 2013–ൽ 18 രൂപയായി, 2014–ൽ 19 രൂപയായി. എല്ലാവർഷവും നെല്ലിന് താങ്ങുവില വർദ്ധിപ്പിച്ചുകൊടുക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. കേന്ദ്രസർക്കാർ നെല്ലിന് പ്രഖ്യാപിച്ചട്ടുള്ള താങ്ങുവില കിലോഗ്രാമിന് 13.10 രൂപയാണ്. അതാണ് സ്റ്റേറ്റ് സബ്സിഡിയും കൂടിച്ചേർത്ത് 19 രൂപ എന്നനിരക്കിൽ നൽകു ന്നത്. 2005 വർഷത്തിൽ കേരളത്തിലെ ഏതാനും ജില്ലകളിൽ മാത്രമായി ഒതുങ്ങിനിന്നിരുന്ന നെല്ല് സംഭരണം 2012 വർഷംമുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചിട്ടുണ്ട്. നെല്ല് സംഭരണ പദ്ധതിപ്രകാരം കൃഷിഭവനിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ കർഷകരിൽനിന്നും സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരമുള്ള നെല്ല് സപ്ലൈകോയുടെ നിബന്ധന കൾക്ക് വിധേയമായി സംഭരണം നടത്തുന്നു. കൃഷിവകുപ്പിൽനിന്നുള്ള പി. എം.ഒ.മാരെയാണ് അതിന്റെ മേൽനോട്ട ചുമതല നൽകിയിരിക്കുന്നത്. ഈ

സംഭരിച്ച നെല്ലിന്റെ സംഭരണവില സർക്കാർ ഉത്തരവിലെ നിരക്കുപ്രകാരം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് നൽകിവരുന്നത്. സംസ്ഥാനത്ത് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ സെപ്റ്റംബർ മുതൽ ഡിസംബർ വരെയും ജനുവരി മുതൽ ജൂൺവരെയുള്ള രണ്ടാംവിളയുമായി രണ്ട് സീസണുകളിലായിട്ടാണ് കൃഷിയിറക്കുന്നത്. 2013–14–ൽ രണ്ടാം സീസണിലെ നെല്ല് സംഭരണത്തിനുള്ള വില 18 രൂപയായിരുന്നു. 2014 ജനുവരി അവസാനംമുതൽ സപ്ലൈകോ നെല്ല് സംഭരണമാരംഭിക്കുകയും കർഷകർക്ക് വില നൽകുകയും ചെയ്തുവരുന്നു. 03–03–2014–ലാണ് ഈ ഗവൺമെന്റ് 19 രൂപയായി വർദ്ധിപ്പിക്കാനുള്ള തീരുമാനമെടുത്തത്. നെല്ലിന്റെ താങ്ങുവില വർദ്ധിപ്പിക്കണമെന്നാവശ്യം കർഷകർ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിലാണ് 03–03–2014 മുതൽ ഈ വർദ്ധിച്ച തുക അനുവദിച്ചു നൽകുന്നത്. 03–03–2014 മുതൽ 19 രൂപയായി കർഷകർക്ക് നൽകുന്നുണ്ട്. ഇനി കൂടുതലായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. പക്ഷെ 03–03–2014 മുതൽ എല്ലാപേർക്കും 19 രൂപ നിരക്കിൽ കൊടുക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത്.

ശ്രീ. തോമസ് ചാണ്ടി: സർ, ഞാൻ ചോദിച്ച ചോദ്യത്തിനുള്ള ഉത്തരം അങ്ങ് പറഞ്ഞില്ല. തുക വർദ്ധിപ്പിക്കണമെന്നല്ല ഞാൻ പറഞ്ഞത്, തുകയെല്ലാപേർക്കും കൊടുക്കണമെന്നാണ് പറഞ്ഞത്. ഞാനെന്താണ് ചോദിച്ചത്, അങ്ങ് എന്താണ് മറുപടി പറയുന്നത്?

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാനത് വളരെ കൃത്യമായി പറഞ്ഞു. സംഭരണവില വർദ്ധിപ്പിക്കണമെന്നാണ് അദ്ദേഹമാവശ്യപ്പെട്ടത്.

ശ്രീ. തോമസ് ചാണ്ടി: സർ, ഞാനതല്ല പറഞ്ഞത്.

ശ്രീ. അനൂപ് ജേക്കബ്: സർ, പിന്നെന്താണ് പറഞ്ഞത്, പറയൂ.

ശ്രീ. തോമസ് ചാണ്ടി: സർ, ഞാൻ പറഞ്ഞത് വർദ്ധിപ്പിക്കുന്ന തുക പുഞ്ചക്കൃഷി ചെയ്ത മുൻആഴ്ച കൊയ്തവർക്ക് കിട്ടുകയില്ല, പിറ്റേ ആഴ്ച കൊയ്തവർക്ക് കിട്ടും, അതെവിടത്തെ നിയമമാണ്, അത് മാറ്റണമെന്നല്ലേ പറഞ്ഞത്? ... (ബഹളം)..... ഇങ്ങനെയുള്ള മറുപടി എഴുതിത്തന്ന ഉദ്യോഗസ്ഥരെയൊക്കെ പറഞ്ഞുവിടണം.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.. യെസ്. മിനിസ്റ്റർ മറുപടി പറയട്ടെ., മറുപടി പറയുന്നു.

ശ്രീ. തോമസ് ചാണ്ടി: സർ, ഈ ചോദ്യമൊന്നും ഞാൻ ചോദിച്ചില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ശാന്തനായി ഇരിക്കൂ.. മിനിസ്റ്റർ മറുപടി പറയുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, അദ്ദേഹം ക്ഷോഭിച്ചിട്ട് കാര്യമില്ല. 03-03-2014 മുതലാണ് തുക വർദ്ധിപ്പിക്കാൻ തീരുമാനമെടുത്തത്. അതിനുശേഷമുള്ള കർഷകർക്കു മാത്രമെ ഈ വർദ്ധിച്ച സംഭരണവില നൽകുകയുള്ളൂ, അതിനുമുമ്പ് കൊടുക്കുന്ന കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല. 03-03-2014-നുശേഷമാണ് കൊടുക്കുവാനുള്ള തീരുമാനമുണ്ടായത്. അതിനനുസരിച്ച് 19 രൂപ കൊടുക്കും. (ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്.. യെസ്. മിനിസ്റ്റർ മറുപടി പറഞ്ഞുകഴിഞ്ഞു. ഇനി ചെയറിന് കൂടുതൽ നിർബന്ധിക്കാൻ കഴിയില്ല... (ബഹളം) അദ്ദേഹം മറുപടി പറഞ്ഞുകഴിഞ്ഞു

ശ്രീ. അനൂപ് ജേക്കബ്: സർ, അദ്ദേഹം എഴുതിത്തന്ന കാര്യത്തിനുതന്നെയാണ് വ്യക്തമായ മറുപടി കൊടുത്തിരിക്കുന്നത്. (ബഹളം)... അങ്ങ്

ചോദിച്ചിരിക്കുന്നത് വർദ്ധിപ്പിക്കുമോ ഇല്ലയോയെന്നുള്ളതാണ്. വർദ്ധിപ്പി ക്കാൻ കഴിയുകയില്ലായെന്ന് ഗവൺമെന്റ് പറഞ്ഞു. .... (ബഹളം)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, മന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: സർ, മിനിസ്റ്ററുടെ മറുപടി കേൾക്കൂ.

ശ്രീ. കെ. പി. മോഹനൻ: സർ, മന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്. എന്തായാലും ഇപ്പോൾ വർദ്ധിപ്പിക്കാൻ സാധ്യമല്ല. അതു പറഞ്ഞല്ലോ.. (ബഹളം).. അത് പരിശോധിക്കുമെന്ന് പറഞ്ഞല്ലോ.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പരിശോധിക്കാമെന്ന് പറഞ്ഞിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: സർ, മിനിസ്റ്റർ മറുപടി പറഞ്ഞുകഴിഞ്ഞു. ഇനി ബഹളമുണ്ടാക്കിയിട്ട് കാര്യമുണ്ടോ; രണ്ടുപ്രാവശ്യം മറുപടി പറഞ്ഞു.

**ഹയർ സെക്കണ്ടറി സ്കൂളുകൾ**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, ചരിത്രപരമായ കാരണങ്ങ ളാൽ വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കേണ്ടിവരികയും കേരളപ്പിറവി ക്കുശേഷം മാറിമാറിവന്ന സർക്കാരുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുടെയും ക്രിയാത്മകമായ ഇടപെടൽ കാരണം ഹൈസ്ക്കൂൾ വിദ്യാ ഭ്യാസ നിലവാരം സംസ്ഥാന ശരാശരിക്കുമുകളിൽ എത്തിനില്ക്കുകയും ചെയ്യുന്ന ജില്ലയാണ് മലപ്പുറം. പക്ഷെ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനു ശേഷം ഉപരിപഠനം തുടരാനാവാത്ത ഗതികേടിലാണ് ഇപ്പോൾ ജില്ലയിലെ വിദ്യാർത്ഥികൾ. 2011-2012-ലെ സാമ്പത്തിക സർവ്വേയുടെ കണക്കനുസരിച്ച് 86 ഗവണ്മെന്റ് ഹൈസ്ക്കൂളുകളും 85 എയ്ഡഡ് ഹൈസ്ക്കൂളുകളും 83

അൺ–എയ്ഡഡ് ഹൈസ്ക്കൂളുകളുമടക്കം 254 ഹൈസ്ക്കൂളുകളും 75 ഓളം സി.ബി.എസ്.ഇ. സ്കൂളുകളുമാണുള്ളത്. 2013–14 വർഷത്തിൽ ഈ സ്കൂളുകളിൽ നിന്നായി 69892 കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായിട്ടുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിൽനിന്ന് പ്രൈവറ്റായി പരീക്ഷ എഴുതിയ 5000 ഓളം വിദ്യാർത്ഥികൾ വേറെയുമുണ്ട്. 78374 കുട്ടികൾ ഈ വർഷം പ്ലസ് വൺ അപേക്ഷകരായി മലപ്പുറം ജില്ലയിലുണ്ട് എന്നാണ് ഇന്നലത്തെ ദിനപ്പത്രങ്ങളിൽ വന്ന വാർത്ത. 33 അൺ–എയ്ഡഡ് അടക്കം 163 ഹയർസെക്കണ്ടറി സ്കൂളുകളിലായി 611 ബാച്ചുകളാണ് ഇപ്പോൾ നിലവിലുള്ളത്. കഴിഞ്ഞ വർഷത്തെ സീറ്റ് വർദ്ധനവടക്കം 49567 വിദ്യാർത്ഥികൾ കഴിഞ്ഞവർഷം പ്രവേശനം നേടുകയും ചെയ്തു. ഈ സീറ്റുകൾ പൂർണ്ണമായും നിലവിലുള്ള വി.എച്ച്.എസ്.സി., പോളിടെക്നിക്, ഐ.റ്റി.ഐ. എന്നിവയിലൂടെ പ്രവേശനം നേടിയാലും 29000 ത്തോളം കുട്ടികൾക്ക് ഹയർ സെക്കണ്ടറി പഠനം നിഷേധിക്കപ്പെടും. നിലവിലുള്ള സീറ്റുകളിൽ 12528 എണ്ണം അൺ–എയ്ഡഡ് സീറ്റുകളാണ്. ഭീമമായ സാമ്പത്തിക ബാധ്യത വരുന്നതിനാൽ പാവപ്പെട്ട വിദ്യാർത്ഥികൾ അപേക്ഷപോലും നൽകാൻ തയ്യാറാകുന്നില്ല. ഇതിൽ കുറച്ച് സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഈ അൺ–എയ്ഡഡ് സ്കൂളുകളിലെ ഒഴിവ് ചൂണ്ടിക്കാണിച്ച് മലപ്പുറത്ത് സീറ്റ് ഒഴിഞ്ഞുകിടക്കുന്നുവെന്ന് നിരന്തരമായി ചില ആളുകൾ മന്ത്രിയെ ധരിപ്പിച്ചുകൊണ്ടിരിക്കുകയുമാണ്. മലപ്പുറത്ത് അൺ–എയ്ഡഡ് സീറ്റുകളല്ല ആവശ്യം. സർക്കാർ എയ്ഡഡ് മേഖലയിൽ ഫീസ് കൊടുക്കാതെ പഠിക്കാൻ അവസരമുണ്ടാകണം. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിന് ആവശ്യമായി വരുന്ന

പ്ലസ് ടൂ സീറ്റുകളുടെ കാര്യത്തിൽ സമഗ്രമായൊരു പരിശോധന നടത്തി ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷയ്ക്കിരുത്തി ഏറ്റവും മികച്ച വിജയം കരസ്ഥമാക്കുന്ന മലപ്പുറം ജില്ലയ്ക്കാവശ്യമായ ബാച്ചുകൾ സർക്കാർ എയ്ഡഡ് മേഖലയിൽതന്നെ ആനുപാതികമായി അനുവദിക്കുന്നതിന് നടപടി ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, 2013-14 അദ്ധ്യയന വർഷം മലപ്പുറം ജില്ലയിൽ 73746 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായിട്ടുണ്ട്. മലപ്പുറം ജില്ലയിൽ ഹയർ സെക്കണ്ടറി പഠനത്തിനായി ഗവണ്മെന്റ് എയ്ഡഡ് - അൺ എയ്ഡഡ് മേഖലകളിൽ 45886 സീറ്റുകളാണ് ലഭ്യമായിട്ടുള്ളത്. വിദ്യാഭ്യാസ ആവശ്യകതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിലുള്ള സർക്കാർ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധികബാച്ച് അനുവദിക്കുന്നതിന് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ച് അപേക്ഷകൾ ക്ഷണിക്കുകയും വിജ്ഞാപനത്തിന്റെ മാനദണ്ഡപ്രകാരം യോഗ്യതയുള്ള സ്കൂളുകളുടെ പട്ടിക തയ്യാറാക്കി സമർപ്പിക്കുവാൻ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സർക്കാർ വിജ്ഞാപനത്തിൽ നിഷ്ക്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളനുസരിച്ച് നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുമ്പോൾ കൂടുതൽ സീറ്റുകൾ ആവശ്യമായിവരുന്ന റവന്യൂ ജില്ലക്കായിരിക്കും മുൻഗണന നല്കുക. അധിക ബാച്ചിന് 734 അപേക്ഷകൾ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറ

ക്ടറുടെ സൂക്ഷ്മ പരിശോധനയ്ക്കുശേഷം സാധുവായ അപേക്ഷകൾ തെരഞ്ഞെടുത്ത് അധിക ബാച്ചുകൾ അന്തിമമായി അനുവദിക്കുമ്പോൾ മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. പാസ്സായ ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തിനുള്ള അവസരം കൂടുതൽ ലഭ്യമാകുമെന്ന് കരുതുന്നു. എന്നാൽ എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ വിദ്യാർത്ഥികളും ഹയർ സെക്കണ്ടറിയിൽ പ്രവേശനം തേടുമെന്ന് കരുതാനാവില്ല. ഒരു വിഭാഗം വിദ്യാർത്ഥികൾ ഐ.റ്റി.ഐ., പോളിടെക്നിക് തുടങ്ങിയ മറ്റ് സാങ്കേതിക കോഴ്സുകളിലേക്കും വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകളിലേക്കും പ്രവേശനം നേടാനുള്ള സാധ്യതയുണ്ട്. ലഭ്യമായ സീറ്റുകളിലേയ്ക്കുള്ള അഡ്മിഷൻ നടപടികൾ പൂർത്തിയായശേഷവും പ്ലസ് വൺ സീറ്റുകളുടെ അപര്യാപ്തത അനുഭവപ്പെടുകയാണെങ്കിൽ എന്തുചെയ്യണമെന്നുള്ളത് സർക്കാർ പിന്നീട് ആലോചിച്ച് തീരുമാനിക്കുന്നതാണ്.

## ബാലൻ ഷോക്കേറ്റ് മരിച്ച സംഭവം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കഴിഞ്ഞ 12-ാം തീയതി എന്റെ നിയോജകമണ്ഡലത്തിലെ വെണ്മണി പഞ്ചായത്തിൽ വളരെ ദാരുണമായൊരു ദുരന്തമുണ്ടായി. ഏഴര മണിക്ക് സ്കൂളിലേയ്ക്ക് പോകുകയായിരുന്ന അഭിരാം എന്ന കുട്ടി വൈദ്യുതി ലൈൻ പൊട്ടിക്കിടന്ന വെള്ളത്തിൽ ചവിട്ടി ഷോക്കടിച്ച് മരണപ്പെടുകയുണ്ടായി. ആദ്യം ആ കുട്ടി അതുവഴി നടന്നു വന്നപ്പോൾ വെള്ളത്തിൽ പാമ്പ് ചത്തുകിടക്കുകയായിരുന്നു. അപ്പോൾ തിരിച്ചുപോയി അമ്മയെ കൂട്ടിവരികയാണ് ചെയ്തത്. അമ്മ എട്ടുവയസ്സുള്ള കുഞ്ഞിനെ ഒക്കത്തുവച്ച് നടക്കുകയായിരുന്നു. രണ്ടുപേരെയും ഷോക്കടിച്ച്

രണ്ടുപേരും തെറിച്ചുപോകുകയും കുട്ടി മരണപ്പെടുകയുമാണുണ്ടായത്. ഈ ലൈൻ പൊട്ടിവീഴാൻ സാധ്യതയുണ്ടെന്ന് ഇലക്ട്രിസിറ്റി ഓഫീസിൽപ്പോയി അവിടത്തെ ഉദ്യോഗസ്ഥരോട് ഈ കുട്ടിയുടെ അമ്മ നേരത്തെ പരാതി പറഞ്ഞിരുന്നു. ആ കുട്ടിയുടെ അച്ഛൻ പുറത്ത് ജോലി ചെയ്യുകയാണ്. ഇവർ വളരെ താഴ്ന്ന വരുമാനമുള്ളവരാണ്. വീട് തന്നെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. വീടിന് നല്ലൊരു വഴിയില്ല. ഇലക്ട്രസിറ്റി ജീവനക്കാരുടെ ആരുടേയോ അനാസ്ഥയുണ്ടായി എന്നാണ് ഞാൻ ആ വീട് സന്ദർശിച്ചപ്പോൾ അവരും നാട്ടുകാരുമൊക്കെപറയുന്നത്. എന്തായാലും ആ പാവപ്പെട്ട കുടുംബത്തെ സഹായിക്കുന്നതിനുവേണ്ടിയുള്ള നഷ്ടപരിഹാരം നല്കാനുള്ള നടപടിയുണ്ടാകണം. ഇതിനകത്ത് ആരെങ്കിലും വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ അവർക്കെതിരെ നടപടിയും സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. വളരെ ദാരുണമായ ഒരു മരണമായിരുന്നു 12-ാം തീയതി അഭിരാമെന്ന കുട്ടിക്കുണ്ടായത്. അർദ്ധരാത്രിയിലാണ് വൈദ്യുതി ലൈൻ പൊട്ടിയത്. അന്ന് വലിയ മഴയും കാറ്റുമുണ്ടായിരുന്നു. പിറ്റേ ദിവസം അതുവഴി പോകുന്ന സന്ദർഭത്തിലാണ് ഈ അപകടം സംഭവിച്ചത്. ഈ കുട്ടിയെ രക്ഷിക്കുന്നതിനുവേണ്ടി അയൽവീട്ടിലെ രേഖ എന്നൊരു സ്ത്രീകൂടി വന്നു. അവർക്കും ഷോക്കേറ്റു. അവരെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്യുകയും പിന്നീട് അവരെ ഡിസ്ചാർജ് ചെയ്യുകയും ചെയ്തു. അതിന്റെ എല്ലാ ചെലവും കെ.എസ്.ഇ.ബി. വഹിച്ചു. ഇതിനെ സംബന്ധിച്ച് പ്രാഥമികമായ അന്വേഷണം നടത്തി.

ഒരു ഓവർസിയറുടെയും രണ്ട് ലൈന്മാൻമാരുടെയും ഭാഗത്തുനിന്നും കുറ്റകരമായ അനാസ്ഥ ഉണ്ടായിട്ടുണ്ടെന്നാണ് പ്രാഥമിക റിപ്പോർട്ട്. അതിന്റെ അടിസ്ഥാനത്തിൽ അവരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ഈ കുട്ടിയുടെ മരണാനന്തര ചടങ്ങിന് 10,000 രൂപ അനുവദിച്ചു. ഇനി ആ കുടുംബത്തിന് ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടപ്രകാരം ഒരുലക്ഷം രൂപകൂടി അടിയന്തരമായി അനുവദിക്കുന്നതാണ്.

**പുഴക്കാട്ടിരി ഇലക്ട്രിക്കൽ ഡിവിഷണൽ സെക്ഷൻ**

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, വളരെ അത്യാവശ്യമില്ലാത്ത കാര്യങ്ങൾ സഭയിൽ പറയരുത് എന്ന് നിർബന്ധബുദ്ധിയുള്ള ഒരാളാണ് ഞാൻ. ഇത് വീണ്ടും ആവർത്തിക്കേണ്ടിവന്നത് വളരെ ഖേദകരമായ ഒരു സംഭവമാണ്. എന്റെ മണ്ഡലത്തിൽ 7 പഞ്ചായത്തുകളാണുള്ളത്. അതിൽ 5 പഞ്ചായത്തുകളിലെ ജനങ്ങൾ ഉപയോഗിക്കുന്ന വൈദ്യുതി സെക്ഷനാണ് മക്കരപ്പറമ്പ്. അവിടെ ഇരുപത്തിനാലായിരത്തിലധികം വരിക്കാരുണ്ട്. എന്നാൽ സാങ്കേതികമായ കാരണം പറഞ്ഞ്, പുഴക്കാട്ടിരിയിൽ ഒരു സെക്ഷൻ വേണമെന്ന രണ്ടുകൊല്ലക്കാലത്തെ ആവശ്യം ഇനിയും നിഷേധിക്കപ്പെടുന്നത് ന്യായീകരിക്കാനാവില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഇനിയൊരു കാലതാമസമുണ്ടാക്കരുത് എന്ന് അപേക്ഷിക്കുകയാണ്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഈ വിഷയം പലപ്രാവശ്യം എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ഈ പറയുന്ന പ്രദേശം

ഒരു പിന്നോക്ക പ്രദേശമാണ് എന്നുള്ള കാര്യവും നേരിട്ടറിയാവുന്നതാണ്. 8217 കൺസ്യൂമേഴ്സാണ് അവിടെ ഉള്ളത്. 8000 കൺസ്യൂമേഴ്സിനൊക്കെ ഒരു സെക്ഷൻ അനുവദിക്കാൻ ബുദ്ധിമുട്ടുണ്ട്. ഇന്നുള്ള നോംസിൽ 25000 കൺസ്യൂമേഴ്സും 50 സ്ക്വയർ കിലോമീറ്ററും വേണം എന്നാണ്. അതല്ലെങ്കിൽ 20000 കൺസ്യൂമേഴ്സും 100 സ്ക്വയർ കിലോ മീറ്ററിൽ കൂടുതൽ എന്നാണ്. ഈ പറയുന്ന സ്ഥലം ആ രണ്ട് നോംസിനകത്തും വരുന്നില്ല. ഭരണപക്ഷത്തും പ്രതിപക്ഷത്തും ഇരിക്കുന്ന പല മെമ്പർമാർക്കും സെക്ഷന്റെ ആവശ്യമുണ്ട്. കാരണം 6 ഹെൽപ്പ് വർക്കറും 12 ലൈൻമാനുംകൂടി കിട്ടും. അത് അത്രയും ആശ്വാസകരമായിരിക്കും എന്നുപറഞ്ഞ് പലരും ആവശ്യപ്പെടുന്നുണ്ട്. അതുകൊണ്ട് ഈ നോംസ് പുനഃപരിശോധിക്കേണ്ട കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലിരിക്കുന്ന ഒന്നാണ്. അത് പുനഃപരിശോധിക്കന്ന മുറയ്ക്ക് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യത്തിൽ ചെയ്യാൻ കഴിയുന്ന പരമാവധി കാര്യം ചെയ്യും.

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

ശ്രീ. ഇ. കെ. വിജയൻ: സർ, വൈദ്യുതി കമ്മി രൂക്ഷമായ ഈ സമയത്ത് വളരെ പ്രധാനപ്പെട്ട ഒരു സബ്മിഷനാണ് ഞാൻ ഉന്നയിക്കുന്നത്. നാദാപുരം മണ്ഡലത്തിൽ എൽ.ഡി.എഫ് സർക്കാർ മൂന്ന് ചെറുകിട പദ്ധതികൾക്ക് രൂപം നൽകിയിരുന്നു. അതിൽ പൂഴിത്തോട് 2010-ൽ തന്നെ കമ്മീഷൻ ചെയ്ത് സംസ്ഥാന പവർ ഗ്രിഡിന് കൈമാറി. എന്നാൽ ഒപ്പമുള്ള വിലങ്ങാട്, ചാത്തൻങ്കോട്നട പദ്ധതികൾ ഇനിയും കമ്മീഷൻ ചെയ്യാൻ കഴിഞ്ഞില്ല. 2010-ൽ ഇത് രണ്ടും അന്നത്തെ വൈദ്യുത മന്ത്രിയായിരുന്ന ശ്രീ. എ. കെ.

ബാലൻ എം.എൽ.എ പ്രവൃത്തി ഉദ്ഘാടനം നിർവ്വഹിച്ചതാണ്. എന്നാൽ നിർമ്മാണ പ്രവർത്തനം ഒച്ചിന്റെ വേഗതയിലാണ് നടക്കുന്നത്. വിലങ്ങാട് ഏകദേശം പണിയും പൂർത്തിയായിട്ടുണ്ട്. അത് ഒരു ഇക്കോ ഫ്രണ്ട്ലി പ്രോജക്ടാണ്. ഇതിനുവരുന്ന ചെലവ് ഏകദേശം അമ്പത്തി ഒൻപതര കോടി രൂപയാണ്. മൂന്നുവർഷംകൊണ്ട് കെ.എസ്.ഇ.ബി.-ക്ക് ഇത് തിരിച്ചു കിട്ടും എന്നാണ് മനസിലാക്കാൻ കഴിഞ്ഞത്. ചാത്തൻങ്കോട്നട പദ്ധതിയുടെ ഒന്നാംഘട്ടം ഇനിയും പൂർത്തീകരിച്ചിട്ടില്ല. രണ്ടാം ഘട്ടം തുടങ്ങിയിട്ടുമില്ല. ഈ രണ്ടും പദ്ധതികളും യഥാക്രമം ഏത് സമയം കമ്മീഷൻ ചെയ്യാൻ കഴിയുമെന്നതാണ് എന്റെ സബ്മിഷൻ.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, ഒന്നാമത്തെ പദ്ധതിയുടെ പണിയൊക്കെ ഏകദേശം പൂർത്തിയായിട്ടുണ്ട്. ട്രയൽ റൺ ജൂൺ-ജൂലൈ മാസത്തിൽ നടത്തി ജൂലൈ മാസത്തിൽ പൂർണ്ണമായും കമ്മീഷൻ ചെയ്യും. രണ്ടാമത്തെ പദ്ധതിയെ സംബന്ധിച്ചിടത്തോളം രണ്ട് കാരണങ്ങൾകൊണ്ടാണ് താമസം വന്നത്. ഒന്ന് അവിടെ സ്ഥലം കിട്ടുന്ന കാര്യത്തിൽ ഉണ്ടായ പ്രയാസം. രണ്ട് കോൺട്രാക്ടർ വളരെ അലംഭാവം കാണിച്ചു എന്നതാണ്. അതിന്റെ പണി ഇപ്പോൾ 20 ശതമാനമായി. ആ പ്രവൃത്തി സ്പീഡ് അപ് ചെയ്യാനുള്ള എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. കോൺട്രാക്ടർ ഇപ്പോൾ താൽപ്പര്യമെടുക്കുന്നുണ്ട്. ഏതായാലും ഡിസംബർ മാസം 15-ാം തീയതിയ്ക്കുള്ളിൽ ചാത്തൻങ്കോട്നട പദ്ധതികൂടി കമ്മീഷൻ ചെയ്യാനുള്ള നടപടകൾ കൈക്കൊണ്ടിട്ടുണ്ട്.

## സ്പെഷ്യൽ റിക്രൂട്ട്മെന്റ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, കേരളത്തിലെ പട്ടികവർഗ്ഗ എം.ആർ.എസ് പ്രീപ്രൈമറി ഹോസ്റ്റലുകളിൽ വാച്ച്മാൻ, കുക്ക്, വാർഡൻ എന്നീ തസ്തികകളിൽ ഒരു വർഷം മുതൽ 32 വർഷം വരെ 300-350 രൂപ ദിവസക്കൂലിയിൽ 1500-ഓളം പട്ടികജാതി പട്ടികവർഗ്ഗത്തിലും വിവിധ സമുദായങ്ങളിലുംപെട്ടവർ ജോലി ചെയ്തുവരികയാണ്. ഇവരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തി സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ് ഞാൻ ഈ സഭയിൽ ഉന്നയിക്കുന്നത്. പി.എസ്.സി ടെസ്റ്റ് എഴുതാനുള്ള പ്രായപരിധി കഴിഞ്ഞവരാണ് ഇവർ. മറ്റു മാർഗ്ഗങ്ങളൊന്നും ഇവർക്കില്ലെന്ന് ഞാൻ സഭയെ അറിയിക്കുകയാണ്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലുള്ള പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വാർഡൻ തസ്തിക വകുപ്പിന്റെ സ്പെഷ്യൽ റൂൾ പ്രകാരം അഡീഷണൽ റ്റു ദ കേഡർ ഓഫ് ക്ലാർക്കെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ പി.എസ്.സി. തയ്യാറാക്കുന്ന എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്നുമാണ് പ്രസ്തുത തസ്തികയിലേയ്ക്ക് നിയമനം നടന്നു വരുന്നത്. ഇതിനെതിരെ വാർഡൻ തസ്തികയിലേയ്ക്ക് നിയമനം ലഭിച്ച ചില ഉദ്യോഗാർത്ഥികൾ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഹർജിക്കാർക്ക് അനുകൂലമായി കോടതി വിധി പുറപ്പെടുവിക്കുകയും ചെയ്തു. ഇതിനെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റിട്ട് അപ്പീൽ സമർപ്പിക്കുകയും ആയതിന്റെ വിധി വരാൻ കാലതാമസം നേരിടുകയും ചെയ്ത സാഹചര്യത്തിലാണ് വാർഡൻ തസ്തികയിൽ താത്കാലി

കാടിസ്ഥാനത്തിൽ നിയമനം നടത്തിയത്. പ്രസ്തുത അപ്പീലിൻമേൽ കോടതി വിധി പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വാർഡൻ തസ്തികയെ മെയിൽ വാർഡൻ, ഫീമെയിൽ വാർഡൻ എന്ന് കാറ്റഗറൈസ് ചെയ്ത് നിയമനം നടത്തുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോ ധിച്ചു വരികയുമാണ്. ഈ സാഹചര്യത്തിൽ പ്രസ്തുത തസ്തികയിലേക്ക് പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരിൽനിന്നും സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുവാൻ നിർവ്വാഹമില്ല. വാച്ച്മാൻ തസ്തികയിലെ നിയ മനം പി.എസ്.സി.-യുടെ ലാസ്റ്റ് ഗ്രേഡ് സർവന്റ് റാങ്ക് ലിസ്റ്റിൽനിന്നാണ് നടത്തി വരുന്നത്. ആയതിനാൽ പ്രസ്തുത തസ്തികയിലും താത്കാലികാടി സ്ഥാനത്തിൽ ജോലി ചെയ്തുവരുന്നവരെ സ്ഥിരപ്പെടുത്താൻ നിർവ്വാഹമില്ല. കുക്ക് തസ്തികയിലേക്കുള്ള നിയമനത്തിനുള്ള വിദ്യാഭ്യാസയോഗ്യത എസ്. എസ്.എൽ.സി പാസ്സും സർട്ടിഫിക്കറ്റ് ഇൻ കെ.ജി.സി.ഇ ഫുഡ് പ്രൊഡക്ഷൻ എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത യോഗ്യതയുള്ളവരെ മാത്രമേ കുക്ക് തസ്തികയിൽ നിയമനത്തിനായി പരിഗണിക്കാൻ കഴിയുകയു ള്ളൂ. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം, വകുപ്പിന്റെ സ്പെഷ്യൽ റൂളിൽ ഉൾപ്പെടാത്തതും പി.എസ്.സി. മുഖേന നിയമനം നടത്താത്തതുമായ ഏതെങ്കിലും തസ്തികകളിൽ ദീർഘകാലമായി ദിവസവേതനാടിസ്ഥാന ത്തിൽ ജോലി ചെയ്തുവരുന്നവരുണ്ടെങ്കിൽ അവരെ സ്ഥിരപ്പെടുത്തുന്ന കാര്യം ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് നടപ്പാക്കാൻ കഴി യുമോ എന്ന് പരിശോധിക്കുന്നതാണ്.

## മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സർ, സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എയ്ഡഡ് കോഴ്സുകൾക്ക് പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന വിദ്യാഭ്യസ ആനുകൂല്യം ഇപ്പോൾ ലഭിക്കുന്നില്ല. ഇത്തരം വിദ്യഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെറിറ്റ് ക്വാട്ടയിലോ റിസർവേഷൻ മാനേജ്മെന്റ് ക്വാട്ടയിലോ പ്രവേശനം ലഭിക്കുകയാണെങ്കിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുവാൻ അർഹതയുമുണ്ട്. ഇതിന് സർക്കാർ 27-06-2011-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവ് അവ്യക്തതമൂലം നടപ്പാക്കാനാകാതെ നിൽക്കുകയാണ്. വിദ്യാഭ്യാസ ആനുകൂല്യങ്ങളെല്ലാം മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലഭിക്കേണ്ടതാണ്. ഇതിലേക്കായി 28-2-2011–ൽ മത്സ്യബന്ധന വകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവിലെ അവ്യക്തത മാറ്റി മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും വിദ്യാഭ്യാസ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. കൂടാതെ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് 23 കോടി രൂപയുടെ വിദ്യാഭ്യാസ ആനുകൂല്യം കുടിശ്ശിക കിടക്കുകയാണ്. 2012-13- ലെ ലംപ്സം ഗ്രാന്റ് തന്നെ 1.7 കോടി രൂപയാണ്. 2013-14 ൽ 12.66 കോടി രൂപയാണ്. മൊത്തം 20.36 കോടിരൂപ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലംപ്സം ഗ്രാന്റിനത്തിൽ കൊടുക്കാനുണ്ട്. പല കുട്ടികൾക്കും ഇപ്പോൾ പഠിക്കാൻ കഴിയുന്നില്ല. വളരെ പാവപ്പെട്ടവരും സാധാരണക്കാരും ദുർബലരുമായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക്

നൽകാനുള്ള വിദ്യാഭ്യാസ ആനുകൂല്യ കുടിശ്ശിക കൊടുത്തുതീർക്കാൻ കൂടി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള എല്ലാ ആനുകൂല്യങ്ങൾക്കും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹതയുണ്ടെങ്കിലും ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നാളിതുവരെയായി മാനേജ്മെന്റ് പ്രിവിലേജ് ക്വാട്ടയിൽ പ്രവേശനം നേടുന്നവർക്ക് വിദ്യാഭ്യാസ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് ശ്രീ. റ്റി. എൻ. പ്രതാപൻ ചൂണ്ടികാണിച്ചത് ശരിയാണ്. ഈ സാഹചര്യത്തിൽ സർക്കാർ നിയന്ത്രിത അംഗീകൃത എയ്ഡഡ് സ്ഥാപനങ്ങളിലെ എയ്ഡഡ് കോഴ്സുകൾക്ക് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്കും മെറിറ്റ്/റിസർവേഷൻ/മാനേജ്മെന്റ് ക്വാട്ട മാനദണ്ഡങ്ങൾ പരിഗണിക്കാതെ തന്നെ നൽകി വരുന്ന വിദ്യഭ്യാസ ആനുകൂല്യം മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുകൂടി ലഭ്യമാക്കാൻ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. ഇതിനായി 28-02-2011- ലെ സർക്കാർ ഉത്തരവിൽ ആവശ്യമായ ഭേദഗതി ചെയ്യാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. വിദ്യഭ്യാസ ആനുകൂല്യം നൽകുന്നതിനായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളെ അടിസ്ഥാനമാക്കി സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങളും ഈ മാസം 09-06-2014 - ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കുടിശ്ശിക സംബന്ധിച്ച് അദ്ദേഹം പറഞ്ഞ കാര്യം ശരിയാണ്. എന്നാൽ 23 കോടിരൂപയെന്നു പറയുന്നത് ശരിയല്ല. 14.36 കോടി രൂപയുടെ കുടിശ്ശികയു

ണ്ട്. ബാക്കി തുക ഈ വർഷം കൊടുക്കാനുള്ളതാണ്. ഈ വർഷത്തെ അഡ്മിഷൻ കഴിഞ്ഞതിനുശേഷമേ എത്ര രൂപ കൊടുക്കാനുണ്ടെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ, അതാണ് കീഴ്‌വഴക്കവും. ഏതായാലും കുടിശ്ശിക തീർക്കുന്നതിനുള്ള ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചിരിക്കുകയാണ്. കുടിശ്ശിക അടിയന്തരമായി തീർക്കാനും ഈ വർഷത്തെ തുക സമയബന്ധിതതമായി കൊടുക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിക്കുന്നു.

## ബൈപ്പാസ് റോഡ് നിർമ്മാണം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, ഉത്തര മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട റോഡാണ് എൻ.എച്ച് 17. അതിന് സമാന്തരമായി ഇടനാട്ടിൽകൂടി കടന്നുപോകുന്ന സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള റോഡാണ് എസ്സ്. എച്ച്. 38. അതിന്റെ പണി കണ്ണൂർ വിമാനത്താവളം വരെ മിക്കവാറും പൂർത്തീകരിച്ചിരിക്കുന്നു. എസ്സ്. എച്ച്. 38-ന്റെ സമീപത്തുള്ള പ്രധാനപ്പെട്ട രണ്ട് പട്ടണങ്ങളാണ് പേരാമ്പ്രയും കുറ്റ്യാടിയും. 2007-08 വർഷത്തിൽ ഈ രണ്ട് ബൈപ്പാസ് റോഡുകൾക്കും പണം നീക്കിവച്ചു. പേരാമ്പ്ര ബൈപ്പാസിൽ റോഡിനുവേണ്ടി 7 കോടി രൂപയും അക്വസിഷനുവേണ്ടി 4 കോടി രൂപയും അനുവദിച്ചു. അലൈൻമെന്റിലുള്ള ചില തർക്കം നാട്ടുകാരുയർത്തി. അങ്ങനെ സുപ്രീം കോടതി വരെപോയി. അവസാനം അലൈൻമെന്റ് അംഗീകരിച്ചു. ലാന്റ് അക്വിസിഷൻ ഡിപ്പാർട്ട്മെന്റ് കല്ലും ഇട്ടു കഴിഞ്ഞു. പുതിയ ലാന്റ് അക്വസിഷൻ നിയമം വന്നപ്പോൾ അക്വിസിഷന് സോഷ്യൽ എക്കണോമിക് സർവ്വേയ്ക്ക് അയയ്ക്കണെന്ന് പറഞ്ഞു. എന്നാൽ

പി.ഡബ്ല്യു.ഡി.യുടെ ഉത്തരവാദത്തപ്പെട്ട എഞ്ചിനീയർ പറയുന്നത് ഞങ്ങൾക്ക് അതേക്കുറിച്ച് അറിയില്ലെന്നാണ്. സോഷ്യോ എക്കണോമിക് സർവ്വേ തയ്യാറാക്കാൻ വേണ്ടി കെ.എസ്.റ്റി.പി.യെ ഏർപ്പാട് ചെയ്തു. കെ.എസ്.റ്റി.പി.യിൽ ആകെയുള്ള ഒരു സോഷ്യോളജിസ്റ്റ് കണ്ണൂരാണുള്ളത്. കഴിഞ്ഞ ആറ് മാസമായി പ്രസ്തുത സർവ്വേ അയച്ചുകിട്ടുന്നില്ല. പേരാമ്പ്ര ബൈപ്പാസിന്റെ കാര്യം മാത്രമല്ല. പി.ഡബ്ല്യു.ഡിയിൽ പാലത്തിന്റെയൊക്കെ ഡിസൈൻ ചെയ്യാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരില്ല. ഗതാഗതക്കുരുക്ക് കൂടുതലാണ്. അതിന് പരിഹാരം കാണാൻ സോഷ്യോ എക്കണോമിക് സർവ്വേയ്ക്ക് അയയ്ക്കാൻ കഴിയുന്ന ഉദ്യോഗസ്ഥൻമാരുണ്ടാകണം. ഉദാഹരണത്തിന് പഴയകാലത്ത് ടൈപ്പിസ്റ്റുകളെയാണ് എല്ലാ സർക്കാർ ഓഫീസിലും നിയമിച്ചത്. എന്നാൽ ഇപ്പോൾ കമ്പ്യൂട്ടർ പരിജ്ഞാനമുള്ളവരെയാണ് നിയമിക്കുന്നത്. അതുകൊണ്ട് കാലാനുസൃതമായി കേന്ദ്ര ഗവൺമെന്റിലായാലും സംസ്ഥാന ഗവൺമെന്റിലായാലും പുതിയ നിയമങ്ങൾ വരുമ്പോൾ അത്തരം കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന വിദഗ്ദ്ധൻമാരെ നിയമിച്ചുകൊണ്ട് നാടിന്റെ വികസന പ്രവർത്തനം നടത്താൻ സാധിക്കണം. ഞാൻ മനസ്സിലാക്കുന്നത് സോഷ്യോ എക്കണോമിക് സർവ്വേയ്ക്ക് അയച്ചില്ലെങ്കിൽ അക്വിസിഷൻ നടക്കില്ല. അക്വിസിഷൻ നടന്നില്ലെങ്കിൽ പണം കൊടുക്കേണ്ടി വരില്ല. അങ്ങനെ എല്ലാ മരാമത്ത് പണികളും ബോധപൂർവ്വം നിറുത്തിവയ്ക്കാൻ വേണ്ടിയുള്ള ഉദ്ദേശം ഇതിന്റെ പിന്നിലുണ്ടോയെന്ന് സംശയിച്ചു പോകുന്നു. പേരാമ്പ്ര മണ്ഡലത്തിന്റെ സ്വപ്ന പദ്ധതിയാണത്. ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തീരിക്കുന്നതിനുള്ളിൽ പേരമ്പ്ര ബൈപ്പാസ് റോഡുണ്ടാക്കുന്നതിനുള്ള നടപടി എടുക്കാൻ അങ്ങ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, 2.768 കിലോമീറ്റർ ദൈർഘ്യമുള്ള നിർദ്ദിഷ്ട പേരാമ്പ്ര ബൈപ്പാസിന് 5.61 ഹെക്ടർ സ്ഥലം ആവശ്യമാണ്. ആയതിലേയ്ക്കായി 2009-ൽ 730 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പക്ഷേ നിർഭാഗ്യവശാൽ സ്ഥലം ഏറ്റെടുക്കുന്ന ഒരു സ്ഥിതി വന്നപ്പോൾ ഭൂവുടമകളിൽ ചിലർ കോടതിയെ സമീപിച്ചതുകൊണ്ട് അത് നീണ്ടുപോവുകയാണുണ്ടായത്. ഇപ്പോൾ കേസ് തീർന്നു. അദ്ദേഹം സൂചിപ്പിച്ചതുപോലെ പാരിസ്ഥിതിക പ്രശ്നം - സാമൂഹിക സാമ്പത്തിക ആഘാത പഠനം നടത്തണമെന്ന ഒരു നിബന്ധന വന്നു. അതുകൊണ്ട് ചീഫ് എഞ്ചിനീയറെ പ്രത്യേകം ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിനുള്ള സംവിധാനം പൊതുമരാമത്ത് വകുപ്പിലുണ്ട്. കെ.എസ്.ടി.പി.-യിൽ തന്നെ സോഷ്യോളജിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്. ഈ പഠനം ഉടനെ പൂർത്തിയാക്കി ആവശ്യമായ നടപടികളുമായി മുന്നോട്ടു പോകും.